ഓഡിറ്റ് റിപ്പോർട്ട് 2016-17

ജനറൽ ഫണ്ട് അക്കൗണ്ട്സ് & റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ്

നമ്പർ.കെ.എസ്.എ.സിൽ / എ.3 / 196 / 2017 തീയതി 12.10.2017

കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ ചട്ടം 18 (1) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

1.ശ്രീ.എ.ആർ.സലിം
ഓഡിറ്റ് ഓഫീസർ
(ഡെപ്യൂട്ടി ഡയറക്ടർ-അധിക ചുമതല)
(01.06.2017 മുതൽ 11 .06.2017 വരെ)

2.ശ്രീ.സി.വിക്രം സിംഗ്
ഡെപ്യൂട്ടി ഡയറക്ടർ
(12.06.2017 മുതൽ 07.08.2017 വരെ)

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ:

ശ്രീ.സി.വിക്രം സിംഗ്
ഡെപ്യൂട്ടി ഡയറക്ടർ
സിൽ ആന്റ് എസ്.ഐ.ഇ.പി ഓഡിറ്റ്

ഓഡിറ്റ് നടത്തിയ കാലയളവ് : 01.06.2017 മുതൽ 07.08 .2017 വരെ

ഓഡിറ്റ് നിർവ്വഹണം

ശ്രീ.മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീന.കെ.എ, ഓഡിറ്റർ

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ

ഡയറക്ടർ		
ഡോ.എം.ടി.സുലേഖ	01.04.2016	05.05.2016
ആരും ചാർജ്ജ് വഹിച്ചിരുന്നില്ല	06.05.2016	16.05.2016
ഡോ.എം.ആർ.തമ്പാൻ (അധിക ചുമതല)	17.05.2016	04.08.2016
ആരും ചാർജ്ജ് വഹിച്ചിരുന്നില്ല	05.08.2016	22.08.2016
പ്രൊഫ.വി.കാർത്തികേയൻ നായർ	23.08.2016	18.09.2016
ഡോ.എ.ആർ.രാജൻ	19.09.2016	31.03.2017
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ		
ശ്രീ.എസ്.ഡി.സുനിൽ കുമാർ	01.04.2016	14.06.2016
ശ്രീമതി പി.ആർ.വിലാസിനി	15.06.2016	31.03.2017
ഫിനാൻസ് ഓഫീസർ		
ശ്രീമതി പി.അജിതകുമാരി	01.04.2016	20.09.2016
ആരും ചാർജ്ജ് വഹിച്ചിരുന്നില്ല	21.09.2016	08.12.2016
ശ്രീമതി എൻ.രമാദേവി	09.12.2016	31.03.2017
സെയിൽസ് ഓഫീസർ		
ശ്രീ.ബി.മുരുകൻ	01.04.2016	31.05.2016
ശ്രീ.റ്റി.രമേശൻ	01.06.2016	31.03.2017
ഡെവലപ്മെന്റ് ഓഫീസർ		
ശ്രീമതി ക്ഷിതി.വി.ദാസ്	01.04.2016	14.06.2016
ശ്രീ.കെ.ഹരികുമാർ	15.06.2016	31.03.2017

ഉള്ളടക്കം

ഭാഗം - 1

1.1 ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

1.2 ഓഡിറ്റിന്റെ വ്യാപ്തി

1.3 പൊതു അവലോകനം

1.4 ബജറ്റ്

1.5 വാർഷിക കണക്ക്

1.6 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

1.7 സർക്കാർ ഗ്രാന്റുകൾ

1.8 റിവോൾവിംഗ് ഫണ്ട് - ട്രാൻസ്ഫർ ക്രെഡിറ്റ്

ഭാഗം - 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2.1 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

2.2 ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ജാഗ്രതയില്ല

ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3.1.1 ഡി.ഇ.ഒ ഓഫീസുകളിൽ വിജ്ഞാനകോശ വാല്യങ്ങൾ നേരിട്ട് എത്തിക്കുന്നതിൽ സാമ്പത്തിക അച്ചടക്കം വേണം

3.1.2 ഡി.ഇ.ഒ ഓഫീസിൽ നിന്നും വാല്യങ്ങൾ എ.ഇ.ഒ ഓഫീസുകളിൽ എത്തിച്ചതിനുള്ള ചെലവ് ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്ന്

3.2.1 പ്രചാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ പരസ്യം ചെയ്യുന്നതിൽ നിയന്ത്രണം ആവശ്യം

3.2.2 പ്രസിദ്ധീകരണങ്ങളെക്കുറിച്ച് അന്വേഷണം നടത്താതെയുള്ള പരസ്യം നൽകൽ- ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നുള്ള വീഴ്ച

3.3 വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 9,10 – പ്രിന്റിംഗ് - ഓഡിറ്റ് നിരീക്ഷണങ്ങൾ

3.3.1 പ്രിന്റിംഗ് - കാലതാമസം

3.3.2 പ്രിന്റിംഗ് പേപ്പർ കൈമാറ്റം - അധിക ബാദ്ധ്യത

3.3.3 വെബ്സൈറ്റ് പ്രവർത്തന സജ്ജമായിട്ടും പ്രിന്റിംഗ് പരിമിതപ്പെടുത്താനുള്ള നടപടികളില്ല

3.4 പുസ്തക പ്രദർശനം -അനർഹമായി അനുവദിച്ച ഓണറേറിയം തുക -7900/- രൂപ

ഭാഗം - 4 സമകാലീന ഓഡിറ്റ് നിരീക്ഷണങ്ങൾ

4.1 ക്രെഡിറ്റ് വില്പന-കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ പ്രതീക്ഷിച്ച പുരോഗതിയില്ല

4.2 ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകൾ-ഒരു അവലോകനം

4.3 സഹകരണ വകുപ്പ് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിലേക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മാറ്റുന്നത്- സർക്കാരിന്റെ അടിയന്തിര ശ്രദ്ധ അനിവാര്യം

4.4 വാർഷിക വിജ്ഞാനകോശം 2011 - സ്റ്റോക്കിൽ 99 എണ്ണത്തിന്റെ കുറവ്

4.5 വിജ്ഞാന കോശ വാല്യങ്ങളുടെ പ്രസിദ്ധീകരണം - അവലോകനം

ഭാഗം - 5 സാമ്പത്തിക നില

5.1 ധനസ്ഥിതി വിവരണം

5.2 ഓഡിറ്റ് പ്രത്യവലോകനം

5.3 ഓഡിറ്റ് ചാർജ്

അനുബന്ധം

1 2016-17 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്

2 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

എ) ജനറൽ ഫണ്ട് അക്കൗണ്ട്സ്

ബി) റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ്

സി) സംയോജിതം

ആമുഖം

ആധികാരികത ഉറപ്പുവരുത്തിയിട്ടുള്ളതും സാധാരണ ജനങ്ങളുടെയും വിഷയവിദഗ്ധരുടെയും വൈജ്ഞാനികാവശ്യങ്ങൾ നിറവേറ്റുന്നതുമായ വിജ്ഞാനകോശങ്ങളുടെ പ്രസാധനം എന്ന ദൗത്യമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തിരിക്കുന്നത്. വിദ്യാഭ്യാസ – ഭരണനിർവഹണ - നീതിന്യായ മേഖലകളിലെ മാധ്യമം മലയാളമായിരിക്കണം എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത് . സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ മലയാളം എൻസൈക്ലോപീഡിയ ഡിപ്പാർട്ട്മെന്റ് എന്ന പേരിൽ 1961 ൽ വകുപ്പായി രൂപം കൊള്ളുകയും 1976 ൽ ട്രാവൻകൂർ - കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ആയി രൂപം പ്രാപിക്കുകയും ചെയ്തു. സർവ്വവിജ്ഞാന കോശത്തിന്റെ 16 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങളും പരിസ്ഥിതി വിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്ര വിജ്ഞാനകോശം എന്നീ ഏകവാല്യ വിജ്ഞാനകോശങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട് .

ഭാഗം - 1

1.1 ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 സാമ്പത്തിക വർഷത്തെ ജനറൽ ഫണ്ട് അക്കൗണ്ട്സ്, റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ് എന്നിവയുടെ വരവ് ചെലവ് കണക്കുകളാണ് ഓഡിറ്റിന് വിധേയമാക്കിയത്.

1.2 ഓഡിറ്റിന്റെ വ്യാപ്തി

സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ ഫണ്ട് അക്കൗണ്ട്സ് , റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ് എന്നിവയുടെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ള ക്യാഷ് ബുക്കുകൾ , ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, അനുബന്ധ രജിസ്റ്ററുകൾ , വൗച്ചറുകൾ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ എസ്.ഐ.ഇ.പി. ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് റൂൾ 16, റിവോൾവിംഗ് ഫണ്ട് ചട്ടങ്ങൾ, സർവവിജ്ഞാനകോശ പ്രസിദ്ധീകരണ സൊസൈറ്റി സഹായക ഗ്രാന്റുകൾ നൽകലും ക്രമപ്പെടുത്തലും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 11, 13 എന്നിവ ആധാരമാക്കി പരിശോധിച്ചു.

1.3 പൊതു അവലോകനം

2016-17 ബജറ്റിൽ വിഭാവനം ചെയ്ത സർവവിജ്ഞാനകോശം വാല്യം 18, 19, 20, നവസാങ്കേതിക വിജ്ഞാനകോശം എന്നിവയുടെ പ്രാരംഭ നടപടികൾ പോലും നാളിതുവരെ തുടങ്ങിയിട്ടില്ല . വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 10 മാത്രമാണ് തൻവർഷം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചത് . പ്രിന്റിംഗ് പേപ്പർ വാങ്ങിയതുൾപ്പെടെ പ്രിന്റിംഗ് ചെലവുകൾക്കായി ആകെ 35,14,998/- രൂപയാണ് ജനറൽ ഫണ്ടിൽ നിന്നും വിനിയോഗിച്ചിരിക്കുന്നത് . റിവോൾവിംഗ് ഫണ്ടിൽ നിന്നും പ്രിന്റിംഗ് ചെലവിനത്തിൽ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല .

2016-17 ൽ വിജ്ഞാനകോശ വാല്യങ്ങളുടെ വില്പനയിലൂടെ 30,62,631.50 രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചിട്ടുണ്ട് . മുൻവർഷത്തെ അപേക്ഷിച്ച് 9,99,777.50 രൂപയുടെ വർദ്ധനവ് പുസ്തക വില്പനയിൽ ഉണ്ടായിട്ടുണ്ട് .

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയിതര ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിനായി റിവോൾവിംഗ് ഫണ്ടിൽ നിന്നും ജനറൽ ഫണ്ടിലേക്ക് ഈ സാമ്പത്തിക വർഷം 70,00,000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും, 60,00,000/- രൂപ തിരിച്ചടവു വരുത്തുകയും ചെയ്തിട്ടുണ്ട് . മുൻ വർഷങ്ങളിൽ പദ്ധതിയിതര ആവശ്യങ്ങൾക്ക് വേണ്ടി റിവോൾവിംഗ് ഫണ്ടിൽ നിന്നും ലഭ്യമാക്കിയ വായ്പ തുകയിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന 3,34,84,550/- രൂപയും , തൻ വർഷം തിരിച്ചടവു നടത്തേണ്ട തുകയായ 10,00,000/- രൂപയും ഉൾപ്പെടെ 3,44,84,550/- രൂപ റിവോൾവിംഗ് ഫണ്ട് വായ്പയിനത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്നു .

ക്രെഡിറ്റ് വില്പന കുടിശ്ശിക പിരിവിൽ പ്രതീക്ഷിച്ച പുരോഗതിയില്ല. വിജ്ഞാന കോശ വാല്യങ്ങളുടെ പരസ്യം നൽകുന്നതിലെ സമീപനത്തിൽ മാറ്റമുണ്ടാവണം.

വിവിധ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 11 ഓഡിറ്റ് എൻക്വയറികളിൽ 8 എണ്ണത്തിന് മറുപടി ലഭ്യമാക്കി.

1.4 ബജറ്റ്

പദ്ധതി വിഭാഗത്തിൽ 1,60,00,000/- രൂപയുടെ നിർദ്ദേശങ്ങളും പദ്ധതി ഇതര വിഭാഗത്തിൽ 9,24,85,000/- രൂപയുടെ നിർദേശങ്ങളുമാണ് 2016-17 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് സർക്കാരിന് സമർപ്പിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

(എ) പദ്ധതി വിഭാഗം

2016-17 സാമ്പത്തിക വർഷത്തേക്കുള്ള 1,60,00,000/- രൂപയുടെ പദ്ധതി നിർദേശങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ക്രമ നമ്പർ	ചെലവിനങ്ങൾ	തുക
1	സർവ്വവിജ്ഞാനകോശം വാല്യം 17 ന്റെ പ്രസിദ്ധീകരണം	15,00,000
2	സർവ്വവിജ്ഞാനകോശം വാല്യം 18 ന്റെ പ്രാരംഭചെലവ്	10,00,000
3	സർവ്വവിജ്ഞാനകോശം വാല്യം 19 ന്റെ പ്രാരംഭചെലവ്	10,00,000
4	സർവ്വവിജ്ഞാനകോശം വാല്യം 20 ന്റെ പ്രാരംഭചെലവ്	5,00,000
5	കേരളവിജ്ഞാനകോശത്തിന്റെ പ്രസിദ്ധീകരണം	15,00,000
6	വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 10	30,00,000

7	നവസാങ്കേതിക വിദ്യ വിജ്ഞാനകോശം	10,00,000
8	KWRP പ്രൊജക്ട്	15,00,000
9	കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ	10,00,000
10	ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ , ലൈബ്രറിയുടെ ആധുനികവൽക്കരണം	15,00,000
11	പരസ്യക്കൂലി	8,00,000
12	ശില്പശാലയും സെമിനാറും	5,00,000
13	പുതിയ വാഹനം	12,00,000
	ആകെ	**1,60,00,000**

2016-17 ലെ ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള സർവവിജ്ഞാനകോശം വാല്യം 18, 19, 20 എന്നിവയുടെ പ്രാരംഭ ചെലവുകൾ 2013-14 മുതലുള്ള ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നവയാണ് .

ആകെ 1,60,00,000/- രൂപയുടെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ , 51,66,667/- രൂപ ഒന്നാം ഗഡുവായും 50,00,000/- രൂപ രണ്ടാം ഗഡുവായും ആകെ 1,01,66,667/- രൂപ ഇൻസ്റ്റിറ്റ്യൂട്ടിനു ലഭിച്ചു. വിവിധ പദ്ധതി ചെലവിനങ്ങളിലായി 42,54,385/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ഈ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട് .

(ബി) പദ്ധതിയിതര വിഭാഗം

2016-17 സാമ്പത്തിക വർഷം പദ്ധതിയിതരത്തിൽ ആകെ 9,24,85,000/- രൂപയുടെ ബജറ്റ് നിർദ്ദേശങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ചെലവിനങ്ങൾ	തുക
1	സാലറി, ആർജിതാവധി സറണ്ടർ, ഉത്സവ ബത്ത, വേതനം, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്	5,65,30,000

2	യാത്രാബത്ത	50,000
3	കെട്ടിട വാടക	8,55,000
4	ഫർണിച്ചർ	3,00,000
5	സ്റ്റേഷനറി	2,00,000
6	ഇലക്ട്രിസിറ്റി ചാർജ്	4,00,000
7	ടെലിഫോൺ ചാർജ്	4,00,000
8	ഡീസൽ ചാർജ്	2,00,000
9	വാട്ടർ ചാർജ്	20,000
10	കണ്ടിജൻസീസ്/പലവക	3,00,000
11	വാഹന മെയിന്റനൻസ്	1,00,000
12	പരസ്യം	2,00,000
13	ന്യൂസ് പേപ്പർ/ആനുകാലികങ്ങൾ	30,000
14	ഓണറേറിയം	1,00,000
15	ഗവേണിംഗ് ബോഡി അംഗങ്ങളുടെ യാത്രാബത്ത	1,00,000
16	റിവോൾവിംഗ് ഫണ്ട് ലോൺ തിരിച്ചടവ്	3,23,00,000
17	ഓഡിറ്റ് ഫീ	4,00,000
	ആകെ	**9,24,85,000**

ആകെ 9,24,85,000/- രൂപയുടെ ബജറ്റ് നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെങ്കിലും സർക്കാർ ധനസഹായമായി ലഭിച്ചത് സപ്ലിമെന്ററി ഗ്രാന്റ് 40,00,000/- രൂപ ഉൾപ്പെടെ ആകെ 2,76,24,000/- രൂപ മാത്രമാണ് . 2016-17 വർഷം വിവിധ പദ്ധതിയിതര ചെലവിനങ്ങളിലായി 2,78,64,597/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ചെലവഴിച്ചിട്ടുണ്ട് .

1.5 വാർഷിക കണക്ക്

2016-17 വർഷത്തെ ജനറൽ ഫണ്ട് , റിവോൾവിംഗ് ഫണ്ട് എന്നിവയുടെ വാർഷിക കണക്ക് പത്രിക 20.05.2017 തീയതിയിൽ ഓഡിറ്റിന് സമർപ്പിച്ചിരുന്നു (20.05.2017 ലെ 544/ഇ 4/2017/എസ് .ഐ .ഇ.പി . നമ്പർ കത്ത്). എന്നാൽ

ലഭ്യമാക്കിയ വാർഷിക കണക്ക് ഭരണസമിതി അംഗീകരിച്ചതല്ല . അടുത്ത ഭരണസമിതി യോഗം കൂടുന്ന മുറയ്ക്ക് സാധൂകരണം വാങ്ങിയ വാർഷിക കണക്ക് ലഭ്യമാക്കുന്നതാണെന്ന് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിട്ടുണ്ട് .

1.6 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ജനറൽ ഫണ്ട് വിഭാഗത്തിൽ 37 റിപ്പോർട്ടുകളും, റിവോൾവിംഗ് ഫണ്ട് വിഭാഗത്തിൽ 29 ഓഡിറ്റ് റിപ്പോർട്ടുകളും 3 സംയോജിത റിപ്പോർട്ടുകളും തീർപ്പാക്കാൻ അവശേഷിക്കുന്നു. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദവിവരങ്ങൾ പ്രത്യേക അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം 2). എസ്.ഐ.ഇ.പി. ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 16 (5), 16 (6), ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23 (1) എന്നിവ നിഷ്കർഷിക്കുന്ന വിധത്തിൽ ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കുന്നതിനും അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.7 സർക്കാർ ഗ്രാന്റുകൾ

2016-17 സാമ്പത്തിക വർഷം പദ്ധതി, പദ്ധതിയിതരം എന്നീ ഇനങ്ങളിലായി ലഭ്യമായ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി			
ക്രമ നം	**ഉത്തരവ് നമ്പർ**	**തീയതി**	**തുക**
1	ജി.ഒ.(ആർ.ടി.) നമ്പർ 218/2016/ സി.എൽ.എ.ഡി	30.06.2016	51,66,667
2	ജി.ഒ.(ആർ.ടി.)/234/2017/ സി.എ.ഡി	25.03.2017	50,00,000
		ആകെ	1,01,66,667
പദ്ധതിയിതരം			
1	ജി.ഒ.(ആർ.ടി.) നമ്പർ 177/2016/ സി.എൽ.എ.ഡി	22.04.2016	78,74,667
2	ജി.ഒ.(ആർ.ടി.) നമ്പർ	15.07.2016	78,74,667

	230/2016/ സി.എൽ.എ.ഡി		
3	ജി.ഒ.(ആർ.ടി.) നമ്പർ 393/2016/ സി.എ.ഡി	25.11.2016	78,74,666
		ആകെ	2,36,24,000
സപ്ലിമെന്ററി ഗ്രാന്റ് (പദ്ധതിയിതരം)			
ജി.ഒ.(ആർ.ടി.) നമ്പർ 111/2017/സി.എ.ഡി		06.03.2017	40,00,000

1.8 റിവോൾവിംഗ് ഫണ്ട് - ട്രാൻസ്ഫർ ക്രെഡിറ്റ്

റിവോൾവിംഗ് ഫണ്ട് റൂൾസ് 6 (ബി) യെ അടിസ്ഥാനമാക്കി അടിയന്തരമായ പദ്ധതിയേതര ചെലവുകൾ (ജീവനക്കാരുടെ ശമ്പളം , മറ്റു ചെലവുകൾ എന്നിവ) നിർവഹിക്കുന്നതിന് റിവോൾവിംഗ് ഫണ്ടിൽ നിന്ന് ഓരോ സാമ്പത്തിക വർഷവും ഇൻസ്റ്റിറ്റ്യൂട്ട് വായ്പ എടുക്കുകയും സർക്കാരിൽ നിന്നും ഗ്രാന്റ് തുക കിട്ടുന്ന മുറയ്ക്ക് തിരികെ അടയ്ക്കുകയും ചെയ്യുന്നുണ്ട് . മുൻ വർഷങ്ങളെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം റിവോൾവിംഗ് ഫണ്ട് (ടി.പി.എ. 494) അക്കൗണ്ടിൽ നിന്നും വായ്പ എടുത്ത തുകയിൽ കുറവുണ്ട്. ആകെ 70,00,000/- രൂപ മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

വായ്പ തുക		
ക്രമ നമ്പർ	**ഉത്തരവ് നമ്പർ/തീയതി**	**തുക**
1	നമ്പർ 471/ഇ 4/2016/എസ്.ഐ.ഇ.പി തീയതി 31.03.2016	25,00,000
2	നമ്പർ 471/ഇ 4/2016/എസ്.ഐ.ഇ.പി തീയതി 21.06.2016	25,00,000
3	നമ്പർ 471/ഇ 4/2016/എസ്.ഐ.ഇ.പി തീയതി 27.10.2016	20,00,000
	ആകെ	**70,00,000**
തിരിച്ചടവ് തുക		
1	നമ്പർ 471/ഇ 4/2016/എസ്.ഐ.ഇ.പി തീയതി 31.03.2016	25,00,000
2	നമ്പർ 471/ഇ 4/2016/എസ്.ഐ.ഇ.പി തീയതി 22.03.2017	35,00,000
	ആകെ	**60,00,000**

2015-16 സാമ്പത്തിക വർഷം വരെ റിവോൾവിംഗ് ഫണ്ടിൽ തിരിച്ചടക്കേണ്ടിയിരുന്ന 3,34,84,550/- രൂപയും തൻവർഷം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിൽ തിരിച്ചടക്കാനുള്ള 10,00,000/- രൂപയും കൂടി ചേർത്ത് ആകെ 3,44,84,550/- രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നു .

ഭാഗം - 2

വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2.1 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

State Institute of Encyclopaedic Publications (Kerala) Society Finance and Accounts Rules 1984 പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് പരിപാലിക്കേണ്ടുന്ന ചുവടെപ്പറയുന്ന രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

- A.F.No.39- Stock Register of volumes published.
- A.F.No.41- Invoice Register (Cash sales/Credit sales).
- A.F.No.43- Register of concessional sales to Institute Staff.
- A.F.No.44- Sales Promotor' s Register/Book Sellers Register

രജിസ്റ്ററുകൾ ഹാജരാക്കണമെന്ന് ഓഡിറ്റ് റിക്വസിഷൻ 10/24.07.2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ലഭ്യമാക്കാത്തതിനാൽ അവ ഇൻസ്റ്റിറ്റ്യൂട്ടിൽ പരിപാലിക്കുന്നില്ല എന്ന് കണക്കാക്കുന്നു . മേൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രെഡിറ്റ് വില്പന രജിസ്റ്റർ

ഇൻസ്റ്റിറ്റ്യൂട്ട് വില്പന വിഭാഗം ഹാജരാക്കിയ ക്രെഡിറ്റ് വില്പന രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

(എ) രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ക്രമത്തിലല്ല . പല പേജുകളിലും ക്രെഡിറ്റ് നമ്പർ എഴുതിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ ഇല്ല.

(ബി) ക്രെഡിറ്റ് വില്പന സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ ചില വ്യക്തികളുടെ സ്ഥിരം മേൽവിലാസം/ഔദ്യോഗികമേൽവിലാസം/ഔദ്യോഗിക പദവി എന്നിവ ചേർത്തിട്ടില്ല.

(സി) വാല്യങ്ങൾ അയച്ചു കൊടുക്കുന്ന സന്ദർഭങ്ങളിൽ രജിസ്റ്ററിലെ ഡിമാന്റ് കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളിൽ വിലയോടൊപ്പം പാഴ്സൽ/തപാൽ ചാർജിനങ്ങളിലുള്ള തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അത് തരംതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/28.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ക്രെഡിറ്റ് വില്പന രജിസ്റ്റർ എഴുതുമ്പോൾ സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

2.2 ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ജാഗ്രതയില്ല

2016-17 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിനുള്ള നിർദ്ദേശങ്ങളിൽ നവസാങ്കേതിക വിജ്ഞാനകോശത്തിനായി 10,00,000 രൂപയും ലൈബ്രറിയുടെ ആധുനികവൽക്കരണത്തിനായി 15,00,000 രൂപയും വകയിരുത്തിയിരുന്നു. പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടത്താനാകാതെ പ്രസ്തുത പദ്ധതികൾ ബജറ്റ് നിർദ്ദേശ്ശങ്ങളായി പരിമിതപ്പെട്ടു.

പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ നീക്കിവച്ചിരുന്ന ഏകവാല്യ വിജ്ഞാനകോശമായ നവസാങ്കേതിക വിജ്ഞാനകോശം അപാകതകളില്ലാതെ തയ്യാറാക്കുന്നതിനും സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനും സാങ്കേതിക മേഖലയിലെ വിദഗ്ധരുടെ സേവനം അത്യാവശ്യമാണ് . ഇൻസ്റ്റിറ്റ്യൂട്ടിൽ ഒഴിവുള്ള എഡിറ്റോറിയൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടന്നാൽ മാത്രമേ നവസാങ്കേതിക വിജ്ഞാനകോശത്തിന്റെ പ്രവർത്തനം മുന്നോട്ട് പോകാൻ സാധിക്കുവെന്ന് പ്രസ്തുത വാല്യത്തിന്റെ കോ -ഓർഡിനേറ്റർമാർ അറിയിച്ചതിനെ തുടർന്ന് സാങ്കേതിക മേഖലയിൽ വിദഗ്ധരായ രണ്ട് ജീവനക്കാരെ താല്ക്കാലികമായി പ്രോജക്ട് അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടെന്നാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 3 / 30.06.2017 ന്റെ മറുപടി).

ലൈബ്രറിയുടെ ആധുനികവൽക്കരണത്തിന് വകയിരുത്തിയിരുന്ന 15 ലക്ഷം രൂപയിൽ നിന്നും 11,06,849/- രൂപ വിനിയോഗിച്ച് സഹകരണഭവനിലെ പുതിയ ഓഫീസ് സ്ഥലത്ത് നവീകരിച്ച ലൈബ്രറി തയ്യാറാക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

സർവ്വ വിജ്ഞാനകോശത്തിന്റെ 18, 19 വാല്യങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10,00,000 രൂപ വീതവും 20-ാം വാല്യത്തിനായി 5,00,000 രൂപയും ബജറ്റ് നിർദ്ദേശങ്ങളിൽ വകയിരുത്തിയിരുന്നു . എന്നാൽ പ്രസ്തുത വാല്യങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല .

ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ജാഗ്രതയുണ്ടാകുന്നതോടൊപ്പം പ്രായോഗികമായ നിർദ്ദേശങ്ങൾ മാത്രം ബജറ്റിലുൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ് .

ഭാഗം - 3

ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3.1.1 ഡി.ഇ.ഒ ഓഫീസുകളിൽ വിജ്ഞാനകോശ വാല്യങ്ങൾ നേരിട്ട് എത്തിക്കുന്നതിൽ സാമ്പത്തിക അച്ചടക്കം വേണം

വിജ്ഞാനകോശ വാല്യങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടുക്കുള്ള വിവിധ ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകളിൽ എത്തിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നും വൻതുക ചെലവഴിക്കുന്നു . മുൻവർഷങ്ങളിൽ സ്വകാര്യവാഹനം വാടകയ്ക്ക് എടുത്താണ് പുസ്തകങ്ങൾ കൊണ്ടുപോയിരുന്നത്. എന്നാൽ 2016-17 വർഷം മുതൽ ‘ Logistics Postal Service’ മുഖേന ജി.പി.ഒ യുടെ വാഹനത്തിലാണ് പുസ്തകങ്ങൾ കൊണ്ടു പോകുന്നത്.

11/2016 മുതൽ 07/2017 വരെയുള്ള 9 മാസ കാലയളവിൽ 7 ജില്ലകളിലെ ഡി.ഇ.ഒ ഓഫീസുകളിൽ ജി .പി.ഒ വാഹനം മുഖേന ഇൻസ്റ്റിറ്റ്യൂട്ട് വാല്യങ്ങൾ എത്തിച്ചതിന് 26,023/- രൂപ സേവന നികുതി അടക്കം ആകെ 2,01,646/- രൂപ ചെലവാക്കി. ബന്ധപ്പെട്ട 1339/ഡി4/08/എസ്.ഐ.ഇ.പി നമ്പർ ഫയൽ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം സ്വകാര്യവാഹനം വാടകയ്ക്ക് എടുക്കുന്നതിന് വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. സ്വകാര്യ വാഹനം വാടകയ്ക്ക് എടുത്ത് അടുത്തടുത്തുള്ള 7 ജില്ലകളിലേക്കും പുസ്തകങ്ങൾ ഒരുമിച്ച് കൊണ്ടുപോയിരുന്നുവെങ്കിൽ ഇത്രയും തുക ചെലവ് വരുമായിരുന്നില്ല. വാഹനങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ വാല്യങ്ങൾ ഗോഡൗണുകളിലും പ്രസിലും കെട്ടിക്കിടന്ന് നാശനഷ്ടങ്ങൾ സംഭവിക്കുന്നതിനാലാണ് ഇപ്രകാരം ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/21.07.2017 ന്റെ മറുപടി).

സർവ്വവിജ്ഞാനകോശം വാല്യങ്ങൾ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ജി.ഒ.(ആർ.റ്റി) നം. 1652/78/H. Edn. dt. 29.08.77, ജി.ഒ.(ആർ.റ്റി) നം. 2801/95/G. Edn. dt. 11.08.95 നമ്പർ സർക്കാർ ഉത്തരവുകളിൽ ഡി .ഇ.ഒ ഓഫീസുകൾ മുഖേന സർവ്വവിജ്ഞാനകോശ വാല്യങ്ങൾ എല്ലാ യു.പി, ഹൈസ്കൂളുകളും ഡിസ്കൗണ്ട് നിരക്കിൽ വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. ബന്ധപ്പെട്ട ഡി.ഇ.ഒ മാർ

സ്കൂളുകൾക്ക് ആവശ്യമുള്ള വാല്യങ്ങളുടെ എണ്ണം കണക്കാക്കി അറിയിക്കുമ്പോഴാണ് ഇൻസ്റ്റിറ്റ്യൂട്ട് വാല്യങ്ങൾ ലഭ്യമാക്കേണ്ടത് എന്നും ഉത്തരവിലുണ്ട്. എന്നാൽ ഡി.ഇ.ഒ ഓഫീസിൽ നിന്നും നിർദ്ദേശം ലഭിക്കാതെ തന്നെ ഇൻസ്റ്റിറ്റ്യൂട്ട് വാല്യങ്ങൾ കയറ്റി അയയ്ക്കുന്ന കീഴ്വഴക്കമാണ് നിലവിലുള്ളത്. അതുകൊണ്ട് ഡി.ഇ.ഒ ഓഫീസുകളിൽ എത്തിച്ചിട്ടുള്ള വാല്യങ്ങൾ പല സ്കൂളുകളും കൈപ്പറ്റാതിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് സ്വന്തം ചെലവിൽ വാല്യങ്ങൾ ഡി .ഇ.ഒ ഓഫീസുകളിൽ എത്തിക്കണമെന്ന് മേൽ സർക്കാർ ഉത്തരവുകളിൽ ഒന്നും തന്നെ പറയുന്നില്ല . വിതരണം ചെയ്യാൻ കഴിയാതെയിരിക്കുന്ന വാല്യങ്ങൾ തിരിച്ചെടുക്കണമെന്ന് ഡി.ഇ.ഒ/എ.ഇ.ഒ മാർ ആവശ്യപ്പെടുമ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് ചെലവിൽ തന്നെ തിരികെ കൊണ്ടു വരേണ്ട സാഹചര്യവും ഉണ്ടാകുന്നുണ്ട് . ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയുടെ വിജ്ഞാനകോശ വാല്യങ്ങൾ ഡി .ഇ.ഒ/എ.ഇ.ഒ ഓഫീസുകളിൽ വിതരണം ചെയ്യുകയും ഭീമമായ തുക കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുമുള്ള സാഹചര്യത്തിൽ വൻതുക ചെലവാക്കി ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ട് വിജ്ഞാനകോശ വാല്യങ്ങൾ ഡി .ഇ.ഒ ഓഫീസുകളിൽ എത്തിക്കുന്നതിൽ സാമ്പത്തിക നിയന്ത്രണം ആവശ്യമാണ് .

3.1.2 ഡി.ഇ.ഒ ഓഫീസിൽ നിന്നും വാല്യങ്ങൾ എ .ഇ.ഒ ഓഫീസുകളിൽ എത്തിച്ചതിനുള്ള ചെലവ് ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്ന്

ആറ്റിങ്ങൽ ഡി .ഇ.ഒ ഓഫീസിൽ നിന്നും വിജ്ഞാനകോശ വാല്യങ്ങൾ 5 എ.ഇ.ഒ ഓഫീസുകളിൽ എത്തിച്ചതിന് ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു .

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലാ ഓഫീസറുടെ 22.12.16 ലെ എ 3/6742/2016 നമ്പർ കത്ത് പ്രകാരം ഡി .ഇ.ഒ ഓഫീസിൽ നിന്നും 5 വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകളിൽ വാല്യങ്ങൾ എത്തിച്ചതിന് ചെലവായ 8750/- രൂപ നൽകണമെന്ന് ആവശ്യപ്പെട്ടു. ചെലവ് രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 28.01.2017 ലെ 1339/ഡി4/08/എസ്.ഐ.ഇ.പി നം. ഉത്തരവ് പ്രകാരം ഡിഡി കമ്മീഷൻ തുക 50/- രൂപ ഉൾപ്പെടെ 8800/- രൂപ അനുവദിച്ചു .

ഒരേ വാല്യങ്ങൾ ഡി .ഇ.ഒ ഓഫീസിലും പിന്നീട് എ.ഇ.ഒ ഓഫീസുകളിലും എത്തിച്ചതിന് ഇൻസ്റ്റിറ്റ്യൂട്ട് തന്നെ ചെലവ് വഹിച്ചത് ശരിയായ നടപടിയല്ല .

3.2.1 പ്രചാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ പരസ്യം ചെയ്യുന്നതിൽ നിയന്ത്രണം ആവശ്യം

വിജ്ഞാനകോശ വാല്യങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി പ്രചാരമുള്ള പ്രസിദ്ധീകരണങ്ങളിലൂടെയുള്ള പരസ്യങ്ങൾ അവശ്യഘടകമാണ് . വിവിധ കാലയളവിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാനകോശ വാല്യങ്ങളുടെ വിവരങ്ങൾ കൃത്യതയോടെയും ആധികാരികതയോടെയും ജനങ്ങളിലേയ്ക്ക് എത്തിക്കാനുള്ള പ്രധാന ഉപാധിയാണ് പത്ര ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ ഡിസ്പ്ലേ പരസ്യങ്ങൾ . അതുകൊണ്ട് തന്നെ പ്രസിദ്ധീകരണങ്ങളുടെ വിപണി മൂല്യം, പ്രചാരം, ആധികാരികത എന്നിവ മുൻനിർത്തിയാണ് പരസ്യങ്ങൾ നൽകേണ്ടത്.

വിജ്ഞാനകോശ വാല്യങ്ങളുടെ പ്രചാരണത്തിനായി ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ വർഷവും പരസ്യ ചാർജ്ജ് ഇനത്തിൽ ചെലവാക്കുന്ന തുകയിൽ ഭൂരിഭാഗവും വിപണിയിൽ പ്രചാരം കുറഞ്ഞ പ്രസിദ്ധീകരണ സ്ഥാപനങ്ങൾക്കാണ് നൽകുന്നത് . 2016-17 സാമ്പത്തിക വർഷത്തിൽ പരസ്യ ചാർജ്ജിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രസിദ്ധീകരണത്തിന്റെ പേര്	വൗച്ചർ നമ്പർ/തീയതി	തുക
1	ദേശാഭിമാനി വാരിക	37/27.04.2016	9750
2	കലാകൗമുദി	37/27.04.2016	3000
3	മലയാളം വാരിക, എക്സ്പ്രസ് പബ്ലിക്കേഷൻസ്	48/05.05.2016	17500
4	ആർത്തേക്ക് ദ്വൈവാരിക	149/13.07.2016	1820
5	കേരള ജയതേ വാരിക	282/18.11.2016	1170
6	സാഹിത്യസംഘം മാസിക	335/09.01.2017	900
7	അക്ഷരനാദം മാസിക	352/30.01.2017	1010
		ആകെ	35150

മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസിദ്ധീകരണങ്ങളിൽ ഭൂരിഭാഗവും സർക്കുലേഷൻ കുറഞ്ഞവയാണ് . കൂടാതെ ചുവടെ പറയുന്ന പ്രസിദ്ധീകരണങ്ങളിൽ പരസ്യം നൽകുന്നതിനുള്ള വർക്ക് ഓർഡറുകൾ 2016-17, 2017-18 വർഷങ്ങളിൽ നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രസിദ്ധീകരണത്തിന്റെ പേര്	വർക്ക് ഓർഡർ നൽകിയതിന്റെ വിവരം
1	സാഹിത്യസംഘം മാസിക	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/24.10.2016
2	കേരള ജയതേ വാരിക	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/27.10.2016
3	അക്ഷരനാദം മാസിക	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/26.12.2016
4	ശ്രീനാരായണ സമാധി സാംസ്കാരിക സ്മാരക സമിധിയുടെ സ്മരണിക	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/26.12.2016
5	മെട്രോ വാർത്ത	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/27.12.2016
6	ഹ്യൂമൻ ജസ്റ്റിസ് ഫോറം	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/28.01.2017
7	ഭാരതവീക്ഷണം ദിനപത്രം	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/27.03.2017
8	മെട്രോ വാർത്ത	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/25.05.2017
9	വേൾഡ് ന്യൂസ്	നം.551/ഇ 5/2016/എസ്.ഐ.ഇ.പി/13.06.2017

സർക്കുലേഷൻ വളരെ കുറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ പരസ്യം നൽകുന്നതിന് തുക ചെലവഴിക്കുന്നുണ്ടെങ്കിലും വില്പനയുടെ ആധികാരിക വിവരങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിന് ഇത് തികച്ചും അപര്യാപ്തമാണ്.

സർക്കുലേഷൻ കൂടിയ പ്രസിദ്ധീകരണങ്ങളിൽ മാത്രം പരസ്യങ്ങൾ നൽകുന്നതിനും അതുവഴി വിജ്ഞാനകോശ വാല്യങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പബ്ലിക് റിലേഷൻസ് വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന എണ്ണത്തിനനുസരിച്ച് മാത്രം ഓരോ സാമ്പത്തിക വർഷവും പ്രസിദ്ധീകരണങ്ങൾക്ക് പരസ്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രസിദ്ധീകരണങ്ങളുടെ വിവരങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിക്കേണ്ടതാണ് .

3.2.2 പ്രസിദ്ധീകരണങ്ങളെക്കുറിച്ച് അന്വേഷണം നടത്താതെയുള്ള പരസ്യം നൽകൽ- ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നുള്ള വീഴ്ച

ഹ്യൂമൻ ജസ്റ്റിസ് ഫോറം പ്രസിദ്ധീകരണം , ഭാരതവീക്ഷണം ദിനപത്രം എന്നിവയെക്കുറിച്ച് മതിയായ അന്വേഷണം നടത്താതെ പരസ്യം നൽകിയതു വഴി പരസ്യം നൽകുന്നതിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിൽ വീഴ്ചയുണ്ടായി .

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരസ്യം ഹ്യൂമൻ ജസ്റ്റിസ് ഫോറം പ്രസിദ്ധീകരണം , ഭാരതവീക്ഷണം ദിനപത്രം എന്നിവയിൽ പ്രസിദ്ധീകരിക്കുന്നതിന് യഥാക്രമം 28.01.2017, 27.03.2017 തീയതികളിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വർക്ക് ഓർഡർ നൽകി. പരസ്യം പ്രസിദ്ധീകരിച്ചതിനുള്ള പ്രതിഫലം 1500/- രൂപ വീതം മേൽ പ്രസിദ്ധീകരണങ്ങൾക്ക് യഥാക്രമം 14.06.2017, 15.04.2017 തീയതികളിലെ 551/ഇ 5/16/എസ്.ഐ.ഇ.പി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചു. എന്നാൽ രണ്ടു പ്രസിദ്ധീകരണങ്ങളുടെയും പരസ്യം വന്നിട്ടുള്ള ലക്കങ്ങളുടെ കോപ്പികൾ (മാർച്ച് 2017, ഏപ്രിൽ 2017 ലക്കങ്ങൾ) പരിശോധിച്ചതിൽ ഒരു സ്ഥാപനം തന്നെയാണ് രണ്ടു പ്രസിദ്ധീകരണങ്ങളും പ്രസിദ്ധീകരിക്കുന്നതെന്നും ഉള്ളടക്കം ഒരു പോലെയാണെന്നും ബോധ്യപ്പെട്ടു . അതായത് പ്രസിദ്ധീകരണങ്ങളുടെ പേരിൽ മാത്രമാണ് വ്യത്യാസം ഉള്ളത് .

വളരെ പ്രചാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ പരസ്യം നൽകുന്നതു കൊണ്ട് വാല്യങ്ങളുടെ വില്പനയിൽ യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല എന്നതിനാൽ, പരസ്യം നൽകുന്നതിന് മുൻപ് പ്രസിദ്ധീകരണങ്ങളെക്കുറിച്ച് ശരിയായ അന്വേഷണം നടത്തേണ്ടത് അനിവാര്യമാണ് .

3.3 വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം - 9, 10 – പ്രിന്റിംഗ് - ഓഡിറ്റ് നിരീക്ഷണങ്ങൾ

3.3.1 പ്രിന്റിംഗ് - കാലതാമസം

പ്രിന്റിംഗിനായി തീരുമാനമെടുത്ത് രണ്ട് വർഷത്തിനു ശേഷമാണ് വാല്യങ്ങൾ പ്രസിദ്ധീകരിച്ചത് . വാല്യങ്ങളുടെ 5000 കോപ്പികൾ വീതം പ്രിന്റ് ചെയ്യുന്നതിന് പ്രസിനെ ഏല്പിക്കുന്നതിനും പ്രിന്റിംഗ് പേപ്പർ സ്റ്റേഷനറി കൺട്രോളർ മുഖേന വാങ്ങുന്നതിനും 25.02.2014 നാണ് പ്രിന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തത്. എന്നാൽ, 9, 10 വാല്യങ്ങളുടെ പ്രകാശനം നടന്നത് യഥാക്രമം 08.02.2016, 05.05.2016 എന്നീ തീയതികളിലാണ്. 9-ാം വാല്യത്തിന്റെ കോപ്പികൾ പ്രസിൽ നിന്ന് ലഭ്യമായി തുടങ്ങിയത് 06.02.2016 മുതലാണ്. 10-ാം വാല്യത്തിന്റെ ആദ്യകോപ്പികൾ ലഭ്യമായത് 13.07.2016 ലാണ്.

9, 10 വാല്യങ്ങൾ അച്ചടിക്കുന്നതിന് പ്രസ് നിശ്ചയിക്കുന്നതിന് സാംസ്കാരിക വകുപ്പിന് 10.09.2015 ലും പ്രിന്റിംഗ് പേപ്പർ സപ്ലൈ ചെയ്യാനായി സ്റ്റേഷനറി കൺട്രോളർക്ക് 23.09.2015 നുമാണ് കത്ത് നൽകിയത്. ഉചിതമായ തീരുമാനങ്ങൾ യഥാസമയം എടുക്കാത്തത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന പുരോഗതിക്ക് തടസ്സമാകും .

3.3.2 പ്രിന്റിംഗ് പേപ്പർ കൈമാറ്റം - അധിക ബാദ്ധ്യത

പ്രിന്റിംഗിനായി പ്രസ് തീരുമാനിക്കാൻ കാലതാമസം നേരിട്ടതിനാൽ പേപ്പർ സ്റ്റേഷനറി വകുപ്പിൽ സൂക്ഷിക്കേണ്ടിവന്നു. പേപ്പർ സപ്ലൈ ചെയ്ത കമ്പനി നേരിട്ട് പ്രസിൽ ഇറക്കിയിരുന്നുവെങ്കിൽ വണ്ടി വാടകയോ കയറ്റിറക്ക് കൂലിയോ നൽകേണ്ടി വരില്ലായിരുന്നു. പ്രസിനെ നിശ്ചയിക്കുന്നതിനുമുൻപ് പേപ്പർ ലഭ്യമാക്കാൻ സ്റ്റേഷനറി വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

പ്രിന്റിംഗ് പേപ്പർ സപ്ലൈ ചെയ്യാനായി സ്റ്റേഷനറി കൺട്രോളർക്ക് 23.09.2015 ൽ കത്ത് നൽകിയെങ്കിലും വാല്യങ്ങൾ പ്രിന്റ് ചെയ്യാൻ സെന്റ് ജോസഫ്സ് പ്രസുമായി കരാർ വച്ചത് 15.12.2015 ലാണ്. സ്റ്റേഷനറി വകുപ്പ് ലഭ്യമാക്കുന്ന പ്രിന്റിംഗ് പേപ്പർ പ്രസിൽ നേരിട്ട് എത്തിക്കാതെ സ്റ്റേഷനറി വകുപ്പിൽ സൂക്ഷിക്കുകയും പ്രസിൽ എത്തിക്കുന്നതിനായി വണ്ടി വാടക, കയറ്റിറക്ക് കൂലി എന്നിവയ്ക്കായി 20,920/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ് മുൻകൂട്ടി നിശ്ചയിച്ചതിനുശേഷം പ്രിന്റിംഗ് പേപ്പർ നേരിട്ട് പ്രസിൽ എത്തിച്ചിരുന്നുവെങ്കിൽ പ്രസ്തുത ചെലവ് ഒഴിവാക്കാമായിരുന്നു.

400 റീം പേപ്പർ നേരിട്ട് പ്രസിൽ എത്തിക്കാൻ 28.03.2016 ൽ സ്റ്റേഷനറി വകുപ്പിനോട് ആവശ്യപ്പെടുകയും, ഇപ്രകാരം അധികച്ചെലവില്ലാതെ പേപ്പർ പ്രസിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ് നിശ്ചയിച്ചതിനുശേഷം പേപ്പർ വാങ്ങാനുള്ള നടപടികൾ തുടങ്ങിയാൽ പ്രിന്റിംഗ് വീണ്ടും താമസിക്കുമെന്നതിനാലാണ് പേപ്പർ വാങ്ങിനൽകാൻ സ്റ്റേഷനറി കൺട്രോളർക്ക് നേരത്തേ കത്ത് നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിന് അധിക ബാദ്ധ്യതയുണ്ടാകുന്നത് പരമാവധി ഒഴിവാക്കേണ്ടതാണ്.

3.3.3. വെബ്സൈറ്റ് പ്രവർത്തന സജ്ജമായിട്ടും പ്രിന്റിംഗ് പരിമിതപ്പെടുത്താനുള്ള നടപടികളില്ല

'സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - ഒരു വെബ് അധിഷ്ഠിത വിജ്ഞാന സംഭരണി' എന്ന ആശയം പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച കെ.ഡബ്ല്യൂ.ആർ.പി പ്രോജക്ടിന്റെ വെബ്സൈറ്റിൽ പരിഷ്കരിച്ച സർവ്വവിജ്ഞാനകോശം 1 മുതൽ 7 വരെയുള്ള വാല്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വെബ്സൈറ്റിൽ വന്നിട്ടുള്ള വാല്യങ്ങളുടെ പ്രിന്റിംഗ് പരിമിതപ്പെടുത്തിയിട്ടുണ്ട് . പ്രസ്തുത വാല്യങ്ങൾ വെബ്സൈറ്റിൽ വന്നിട്ടുള്ളതുകൊണ്ട് ആയത് വില്പനയെ എപ്രകാരം ബാധിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുന്നതിന് ഒരു രൂപരേഖയുണ്ടാക്കി താരതമ്യ പഠനത്തിനുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിക്കാൻ വിശ്വസാഹിത്യവിജ്ഞാന കോശം 9, 10 വാല്യങ്ങൾ പ്രിന്റ് ചെയ്യുന്നതിനു മുൻപായി, 08.06.2015 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ

യോഗത്തിൽ സെയിൽസ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു . പഠനം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല (ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല). വെബ്സൈറ്റ് കാലികമാക്കാനും വില്പന സംബന്ധിച്ച പഠനം നടത്തി പ്രിന്റിംഗ് പരിമിതപ്പെടുത്താനുമുള്ള അടിയന്തിര നടപടികളുണ്ടാവണം.

3.4 പുസ്തക പ്രദർശനം - അനർഹമായി അനുവദിച്ച ഓണറേറിയം തുക -7900 / - രൂപ

2016-17 സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ട് പങ്കെടുത്ത പുസ്തക പ്രദർശനങ്ങളിൽ ഡ്യൂട്ടി ചെയ്ത ജീവനക്കാർക്ക് ഒരു ദിനബത്തയ്ക്ക് തുല്യമായ തുക ഓണറേറിയമായി നൽകിയിട്ടുണ്ട് . ഇപ്രകാരം ഓണറേറിയം നൽകുന്ന നടപടി KSR യാത്രപ്പടി ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ നൽകിയ ഓണറേറിയം തുക തിരികെ ഈടാക്കണമെന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദേശിച്ചിരുന്നുവെങ്കിലും തൻവർഷവും ഇത് ആവർത്തിച്ചിരിക്കുന്നു . ചുവടെപ്പറയുംപ്രകാരം ആകെ 7,900/-രൂപ ഓണറേറിയം അനുവദിച്ചു.

ക്രമ നമ്പർ	പ്രദർശനം	ഓണറേറിയം കൈപ്പറ്റിയത്	ദിവസം	നിരക്ക്	ആകെ	ഉത്തരവ് നമ്പർ
i	പി.എൻ. പണിക്കർ ഫൗണ്ടേഷൻ (കനകക്കുന്ന് കൊട്ടാരം)	ശ്രീ കെ. ഹരികുമാർ, ഡെവലപ്പ്മെന്റ് ഓഫീസർ	7	200	1400	783/D2/16/ SIEP തീയതി 15.07.2016
		ശ്രീ കെ.വിനോദ്കുമാർ, എൽ.ഡി.സി.	7	150	1050	
		ശ്രീ ജെ.ആർ.രഞ്ജിത്, ഓഫീസ് അറ്റൻഡന്റ്	7	150	1050	
ii	കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം (എറണാകുളത്തപ്പൻ ഗ്രൗണ്ട്)	ശ്രീ കെ. ഹരികുമാർ, ഡെവലപ്പ്മെന്റ് ഓഫീസർ	7	200	1400	881/D2/16/ SIEP തീയതി 21.02.2017
		ശ്രീ ജെ.ആർ.രഞ്ജിത്, ഓഫീസ് അറ്റൻഡന്റ്	10	150	1500	
		ശ്രീ സി. സത്യൻ, ഓഫീസ് അറ്റൻഡന്റ്	10	150	1500	
				ആകെ	7900 രൂപ	

അനർഹമായി അനുവദിച്ച ഓണറേറിയം തുക 7900/- രൂപ, കൈപ്പററിയ വ്യക്തികളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം-4

സമകാലീന ഓഡിറ്റ് നിരീക്ഷണങ്ങൾ

4.1 ക്രെഡിറ്റ് വില്പന-കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ പ്രതീക്ഷിച്ച പുരോഗതിയില്ല.

വിജ്ഞാനകോശ വാല്യങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി ക്രെഡിറ്റ് സെയിൽ വ്യവസ്ഥയിൽ വിവിധ സ്കീമുകളിലായി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പുസ്തകങ്ങൾ വിതരണം ചെയ്തു വരുന്നു. എന്നാൽ പ്രസ്തുത സെയിൽ വ്യവസ്ഥയിൽ വൻതുകയാണ് കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് . 2016-17 വർഷം കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്നും സർക്കാർ /അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നുമുള്ള കുടിശ്ശികപിരിവിൽ കാര്യമായ വർദ്ധനവുണ്ടായത് അഭിനന്ദനാർഹമാണ്. ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭ്യമാക്കിയ വിവരം അനുസരിച്ച് 2013-14 മുതൽ 2016-17 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശിക സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

I) **2013-14**

ക്രമ നമ്പർ	ഇനം	01.04.13 ലെ മുന്നിരിപ്പ്	തൻവർഷം ഡിമാന്റ്	തൻവർഷം അടവ്	31.03.14 ലെ നീക്കിയിരിപ്പ്
1	ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകൾ	13480180	1154924	2271874	12363230
2	സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർ	2879521	573040	651472	2801089
3	കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി	1343690	299550	242215	1401025
	ആകെ	17703391	2027514	3165561	16565344

II) 2014-15

ക്രമ നമ്പർ	ഇനം	01.04.14 ലെ മുന്നിരിപ്പ്	തൻവർഷം ഡിമാന്റ്	തൻവർഷം അടവ്	31.03.15 ലെ നീക്കിയിരിപ്പ്
1	ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകൾ	12363230	-	1119270	11243960
2	സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർ	2801089	380400	784923	2396566
3	കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി	1401025	551880	334855	1618050
	ആകെ	16565344	932280	2239048	15258576

III) 2015-16

ക്രമ നമ്പർ	ഇനം	01.04.15 ലെ മുന്നിരിപ്പ്	തൻവർഷം ഡിമാന്റ്	തൻവർഷം അടവ്	31.03.16 ലെ നീക്കിയിരിപ്പ്
1	ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകൾ	11243960	-	708245	10535715
2	സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർ	2396566	248224	420447	2224343
3	കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി	1618050	221350	325080	1514320
	ആകെ	15258576	469574	1453772	14274378

IV) 2016-17

ക്രമ നമ്പർ	ഇനം	01.04.16 ലെ മുന്നിരിപ്പ്	തൻവർഷം ഡിമാന്റ്	തൻവർഷം അടവ്	31.03.17 ലെ നീക്കിയിരിപ്പ്
1	ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകൾ	10535715	2374682	507488	12402909
2	സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർ	2224343	27768	900543	1351568
3	കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി	1514320	1023300	1173400	1364220
	ആകെ	14274378	3425750	2581431	15118697

31.03.2017 ലെ കണക്ക് പ്രകാരം വിവിധ ഇനങ്ങളിലായി ആകെ 1,51,18,697/- രൂപയാണ് ക്രെഡിറ്റ് സെയിൽസ് മുഖേന ഇൻസ്റ്റിറ്റ്യൂട്ടിന് കുടിശ്ശികയുള്ളത്. അതിൽ തന്നെ 1,24,02,909/- രൂപ ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകൾ വഴിയുള്ള പുസ്തക വിതരണത്തിൽ പിരിഞ്ഞു കിട്ടാനുള്ളതാണ്.

എ)ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകൾ വഴി പിരിഞ്ഞു കിട്ടാനുള്ള തുകയുടെ പ്രതിവർഷ നിരക്ക്

ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകൾ വഴി പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികയുടെ 2013-14 മുതൽ 2016-17 വരെയുള്ള തിരിച്ചടവ് താരതമ്യം ചെയ്യുമ്പോൾ ഓരോ വർഷവും കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. 2013-14 ൽ 22,71,874/- രൂപ പിരിച്ചെടുത്ത സ്ഥാനത്ത് 2016-17 ൽ വെറും 5,07,488/- രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.

സാമ്പത്തിക വർഷം	2013-14	2014-15	2015-16	2016-17
പിരിച്ചെടുത്ത തുക	2271874	1119270	708245	507488

ബി) സർക്കാർ/അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുകയുടെ പ്രതിവർഷ നിരക്ക്

സർക്കാർ/അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ 2016-17 ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 ൽ ആകെ 9,00,543/- രൂപ സർക്കാർ/അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും പിരിച്ചെടുത്തിട്ടുണ്ട്.

സാമ്പത്തിക വർഷം	2013-14	2014-15	2015-16	2016-17
പിരിച്ചെടുത്ത തുക	651472	784923	420447	900543

സി) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി വഴി പിരിഞ്ഞു കിട്ടാനുള്ള തുകയുടെ പ്രതിവർഷ നിരക്ക്

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി മുഖേന പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ 2016-17 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്.

2013-14 ൽ വെറും 2,42,215/- രൂപ പിരിച്ചെടുത്തപ്പോൾ 2016-17 ആയപ്പോഴേക്കും അത് 11,73,400/- രൂപയായി വർദ്ധിച്ചു.

സാമ്പത്തിക വർഷം	2013-14	2014-15	2015-16	2016-17
പിരിച്ചെടുത്ത തുക	242215	334855	325080	1173400

ക്രെഡിറ്റ് സ്കീം കുടിശ്ശിക പിരിവ്



പുസ്തക പ്രദർശനം, വിജ്ഞാനകോശ വാല്യങ്ങളുടെ നേരിട്ടുള്ള വില്പന എന്നിവയിലൂടെ നാമമാത്രമായ വരവ് മാത്രമാണ് ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുന്നത് . വിറ്റുവരവിൽ സിംഹഭാഗവും ക്രെഡിറ്റ് വില്പനയിലൂടെയാണ് ലഭിക്കുന്നത് എന്ന് മുകളിൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു . അതുകൊണ്ട് തന്നെ വിജ്ഞാനകോശ വിതരണത്തോടൊപ്പം കുടിശ്ശികയിനത്തിലെ തിരിച്ചടവ് കൂടി ഇൻസ്റ്റിറ്റ്യൂട്ട് ഉറപ്പു വരുത്തേണ്ടതുണ്ട്. ഓരോ വർഷവും ഡി.ഇ.ഒ/എ.ഇ.ഒ ഓഫീസുകൾ വഴി ലക്ഷക്കണക്കിന് രൂപയുടെ വിജ്ഞാനകോശ വാല്യങ്ങളാണ് സ്കൂളുകളിൽ വിതരണം

ചെയ്യുന്നത് . ഭീമമായ തുക പിരിഞ്ഞു കിട്ടാനുള്ള സാഹചര്യത്തിൽ കുടിശ്ശികയുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിന് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിക്കേണ്ടതാണ് .

4.2 ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകൾ - ഒരു അവലോകനം

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ് (കേരള) സൊസൈറ്റി ജനറൽ ആൻറ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് 1984 പാർട്ട് II പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിലെ തസ്തികകൾ താഴെപ്പറയുന്നവയാണ്.

ജനറൽ സർവ്വീസ്	**സബോർഡിനേറ്റ് സർവ്വീസ്**
എ) *അക്കാദമിക്* ഡയറക്ടർ ലാംഗ്വേജ് എക്സ്പേർട്ട് അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് -1 അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് -2 ആർട്ട് എഡിറ്റർ സബ് എഡിറ്റർ ഗ്രേഡ് -1 പ്രൊഡക്ഷൻ ഓഫീസർ ലൈബ്രേറിയൻ സബ് എഡിറ്റർ ഗ്രേഡ്-2 അസിസ്റ്റന്റ് ആർട്ട് എഡിറ്റർ	എ) *അക്കാദമിക്* എഡിറ്റോറിയൽ അസിസ്റ്റന്റ് പ്രൂഫ് റീഡർ ആർട്ടിസ്റ്റ്-കം-ഫോട്ടോഗ്രാഫർ ആർട്ടിസ്റ്റ് സ്ക്രൈബ്
ബി) *അഡ്മിനിസ്ട്രേറ്റീവ്* അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഡെപ്യൂട്ടേഷൻ) ഫിനാൻഷ്യൽ അസിസ്റ്റന്റ് (ഡെപ്യൂട്ടേഷൻ) ഡെവലപ്മെന്റ് ഓഫീസർ (ഡെപ്യൂട്ടേഷൻ) മാനേജർ (ഡെപ്യൂട്ടേഷൻ)	ബി) *അഡ്മിനിസ്ട്രേറ്റീവ* ജൂനിയർ സൂപ്രണ്ട് അപ്പർ ഡിവിഷൻ ക്ലർക്ക് ക്യാഷർ സ്റ്റോർ കീപ്പർ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് സ്റ്റെനോഗ്രാഫർ ഗ്രേഡ് -2 ലോവർ ഡിവിഷൻ ക്ലർക്ക് അക്കൗണ്ടന്റ് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് ഡ്രൈവർ പ്യൂൺ നൈറ്റ് വാച്ചർ പാക്കർ സ്വീപ്പർ-കം -സ്കാവഞ്ചർ

എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകൾ സംബന്ധിച്ച് ലഭിച്ചിട്ടുള്ള 27.05.17 ലെ 297/ഇ 3/2017/എസ്.ഐ.ഇ.പി നമ്പർ കത്ത് പ്രകാരം (ഓഡിറ്റിൽ നിന്നും നൽകിയ 04.03.2017 ലെ കെ.എസ്.എ.ഐ.ഇ.പി.02/66/2017 (1) നമ്പർ കത്തിനുള്ള മറുപടി) നിലവിലുള്ള തസ്തികകളുടെ വിവരം താഴെപ്പറയുന്നു.

ജനറൽ സർവ്വീസ്	**എണ്ണം**	**സബോർഡിനേറ്റ് സർവ്വീസ് സ**	**എണ്ണം**
എ) *അക്കാദമിക്*		എ) *അക്കാദമിക്*	
ഡയറക്ടർ	1	എഡിറ്റോറിയൽ അസിസ്റ്റന്റ്	12
ലാംഗ്വേജ് എക്സ്പേർട്ട്	1	പ്രൂഫ് റീഡർ	1
അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് -1	6	ആർട്ടിസ്റ്റ്-കം-ഫോട്ടോഗ്രാഫർ	2
അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് -2	6		
ആർട്ട് എഡിറ്റർ	1		
സബ് എഡിറ്റർ ഗ്രേഡ് -1	7		
പ്രൊഡക്ഷൻ ഓഫീസർ	1		
ലൈബ്രേറിയൻ	1		
സബ് എഡിറ്റർ ഗ്രേഡ് -2	7		
അസിസ്റ്റന്റ് ആർട്ട് എഡിറ്റർ	1		
ബി) *അഡ്മിനിസ്ട്രേറ്റീവ്*		ബി) *അഡ്മിനിസ്ട്രേറ്റീവ്*	
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഡെപ്യൂട്ടേഷൻ)	1	സെയിൽസ് ഓഫീസർ	1
		ജൂനിയർ സൂപ്രണ്ട്	3
ഫിനാൻസ് ഓഫീസർ (ഡെപ്യൂട്ടേഷൻ)	1	ഓഫീസ് സെക്രട്ടറി ടു ഡയറക്ടർ	1
		അപ്പർ ഡിവിഷൻ ക്ലർക്ക്	9
ഡെവലപ്മെന്റ് ഓഫീസർ (ഡെപ്യൂട്ടേഷൻ)	1	ഡിറ്റിപി ഓപ്പറേറ്റർ ഗ്രേഡ് 1	6
		സ്റ്റെനോഗ്രാഫർ	1
മാനേജർ (ഡെപ്യൂട്ടേഷൻ)	1	കോപ്പി ഹോൾഡർ	1
		ലോവർ ഡിവിഷൻ ക്ലർക്ക്	9
		ഡിറ്റിപി ഓപ്പറേറ്റർ ഗ്രേഡ് 2	6
		ഡ്രൈവർ	2
		ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്	12
		നൈറ്റ് വാച്ചർ	1
		സ്വീപ്പർ -കം -സ്കാവഞ്ചർ	1
		പാർട്ട്-ടൈം-സ്വീപ്പർ	1
ആകെ	36	**ആകെ**	69

റൂൾസ് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ടായിരുന്ന പാക്കർ , അക്കൗണ്ടന്റ് തസ്തികകൾ ഇപ്പോൾ നിലവിലില്ല എന്ന് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരുന്നു . എന്നാൽ പ്രസ്തുത തസ്തികകൾ നിർത്തലാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പല തവണ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. കൂടാതെ മുൻപുണ്ടായിരുന്ന ആർട്ടിസ്റ്റ് തസ്തികയുടെ നിലവിലെ അവസ്ഥയെക്കുറിച്ചും യാതൊരു മറുപടിയും ലഭ്യമാക്കിയില്ല . ഇപ്പോൾ നിലവിലുള്ള കോപ്പി ഹോൾഡർ തസ്തിക ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഹാജരാക്കിയില്ല.

ക്യാഷ്യർ, സ്റ്റോർ കീപ്പർ തസ്തികകൾ എൽ.ഡി.സി തസ്തികയായി ഭരണസമിതി തരംതാഴ്ത്തിയതായി അറിയിച്ചെങ്കിലും ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, സർക്കാർ സാധൂകരണം ലഭിച്ചു കൊണ്ടുള്ള ഉത്തരവ് എന്നിവ ഹാജരാക്കിയില്ല. നിലവിലുണ്ടായിരുന്ന സ്ക്രൈബ് തസ്തിക ആദ്യം കോപ്പിയീസ്റ്റ് എന്നും പിന്നീട് ഡിറ്റിപി ഓപ്പറേറ്റർ എന്നും പുനർനാമകരണം ചെയ്തിട്ടുള്ളതായി മറുപടി നൽകിയിരുന്നു. എന്നാൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല.

ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കിയ കണക്ക് പ്രകാരം ആകെ 105 സ്ഥിരം തസ്തികകൾ നിലവിലുള്ളതിൽ 20 പേർ മാത്രമാണ് സ്ഥിരം ജീവനക്കാർ ഉള്ളത് . 22 പേർ കരാർ അടിസ്ഥാനത്തിലും 4 പേർ ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്തു വരുന്നു . ആകെ 59 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു . സ്ഥിരം ജീവനക്കാരുടെ കുറവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സ്ഥിരം ജീവനക്കാരന് ഡെപ്യൂട്ടേഷൻ നിയമനം നൽകിയ നടപടി ശരിയല്ല .

ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകൾ സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് തന്നെ ഒരു വ്യക്തത ഇല്ലാത്ത അവസ്ഥയാണ് കാണുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ടായിരുന്നതും എന്നാൽ പിന്നീട് ഇല്ലാതായതുമായ തസ്തികകൾ സംബന്ധിച്ചുള്ള ഉത്തരവുകൾ ഓഡിറ്റ് പല തവണ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. പല വാടകക്കെട്ടിടങ്ങളിൽ മാറി മാറി പ്രവർത്തിച്ചിരുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പല വിലപ്പെട്ട രേഖകളും അടിയ്ക്കടിയുള്ള മാറ്റങ്ങൾക്കിടയിൽ നഷ്ടപ്പെട്ടിട്ടുള്ളതായി അറിയിച്ചിരിക്കുന്നു . ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകൾ , ഫയലുകൾ, രജിസ്റ്ററുകൾ

എന്നിവ സൂക്ഷിക്കുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ട് കാണിക്കുന്ന അലംഭാവമാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്.

18.08.1999 ലെ ജി.ഒ.(പി) നം.35/99/സി.എ.ഡി സർക്കാർ ഉത്തരവ് പ്രകാരം 1999 മുതൽ ഇൻസ്റ്റിറ്റ്യൂട്ട് നിയമനങ്ങൾ പിഎസ്‌സിക്ക് വിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ട് . അതിനു ശേഷം ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥിരം നിയമനങ്ങൾ ഒന്നു തന്നെ നടന്നിട്ടില്ല . സ്പെഷ്യൽ റൂൾസിന്റെ രൂപീകരണത്തിലുണ്ടാകുന്ന കാലതാമസമാണ് പിഎസ്‌സി വഴി നിയമനം നടത്തുന്നതിന് തടസ്സമായി നിൽക്കുന്നത് . സ്പെഷ്യൽ റൂൾസിന്റെ രൂപീകരണത്തിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തസ്തികകൾ സംബന്ധിച്ച് വ്യക്തത വേണമെന്നിരിക്കെ അതുമായി ബന്ധപ്പെട്ട് ലഭ്യമല്ലാത്ത സർക്കാർ ഉത്തരവുകൾ കണ്ടെത്തുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നും അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ് .

4.3 സഹകരണ വകുപ്പ് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിലേക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മാറ്റുന്നത്- സർക്കാരിന്റെ അടിയന്തിര ശ്രദ്ധ അനിവാര്യം

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ കെട്ടിടത്തിൽ 01.04.2013 മുതൽ വാടകയ്ക്ക് പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സഹകരണ വകുപ്പ് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട 1167/ഇ 4/15/എസ്.ഐ.ഇ.പി നമ്പർ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ചുവടെ പറയുന്ന വസ്തുതകളിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

റവന്യൂ (യു) വകുപ്പിന്റെ 19.12.12 ലെ ജി.ഒ.(എം.എസ്) നമ്പർ 480/2012/റവന്യൂ ഉത്തരവിലെ ഖണ്ഡിക നമ്പർ 3 ൽ സഹകരണ വകുപ്പിന് കെട്ടിടം പണിയുന്നതിന് അനുവദിച്ചു നൽകിയിട്ടുള്ള തൈക്കാട് വില്ലേജിലെ റീ സർവ്വെ നമ്പർ 2 (പഴയ സർവ്വെ നമ്പർ 392) 26.7 ആർ സ്ഥലം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൈവശത്തിൽ ഉള്ളതും ബി.റ്റി.ആർ പ്രകാരം പുറമ്പോക്ക് ഇനത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ ഉള്ളതുമാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ 9.11.12 ലെ ബി 2-14606/12 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തതായി പരാമർശമുണ്ട് . പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ

തന്നെ നിലനിർത്തിക്കൊണ്ട് ആസ്ഥാന മന്ദിരവും അനുബന്ധ ഓഫീസുകളും നിർമ്മിക്കുന്നതിന് സഹകരണ വകുപ്പിന് പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ഉപയോഗാനുമതി നൽകി .

സഹകരണ വകുപ്പ് പണി കഴിപ്പിക്കുന്ന കെട്ടിടത്തിൽ 10000 ചതുരശ്ര അടി അല്ലെങ്കിൽ ഒരു നില പൂർണമായും ഏതാണോ കുറവ് അത് വാടകയ്ക്ക് (പി.ഡബ്ല്യൂ.ഡി നിശ്ചയിക്കുന്ന വാടക നിരക്കിന്റെ പകുതിക്ക്) നൽകാമെന്ന് 22.03.2013 ൽ സഹകരണ സംഘം രജിസ്ട്രാറുമായി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഒപ്പ് വെച്ചിട്ടുണ്ടുള്ള കരാർ പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ, 19.12.2012 ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 6 പ്രകാരം പുതിയ കെട്ടിടത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ സ്ഥലം സഹകരണ വകുപ്പ് നൽകണമെന്ന് മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. 'വാടകയ്ക്ക്' എന്ന് പ്രത്യേകം പരാമർശമില്ല.

അതേ സ്ഥലത്ത് മുൻപ് നിലനിന്നിരുന്ന , ടൂറിസം വകുപ്പിന്റെ ഉടമസ്ഥയിലായിരുന്ന കല്പന ബംഗ്ലാവ് കെട്ടിടത്തിലാണ് 2005 മുതൽ 2013 വരെ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചിരുന്നത്. പുതിയ കെട്ടിടത്തിൽ സ്ഥലം സൗജന്യമായി നൽകാൻ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 01.10.2016 ൽ 1167/ഇ 4/15/എസ്.ഐ.ഇ.പി നമ്പർ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക കാര്യ (സി) വകുപ്പ് സെക്രട്ടറിക്ക് അയച്ചിട്ടുള്ള കത്തിൽ പ്രസ്തുത കെട്ടിടം 2005 ൽ സ്വന്തമായി ഇൻസ്റ്റിറ്റ്യൂട്ടിന് നൽകിയതായി സൂചനയുണ്ട്. കല്പന ബംഗ്ലാവ് നിലനിന്നിരുന്നതും ഇപ്പോൾ സഹകരണ വകുപ്പ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതുമായ സ്ഥലവുമായി ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായിരുന്ന ഉടമസ്ഥാവകാശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/01.07.2017 ന് പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു രേഖയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പക്കൽ ഇല്ല എന്ന മറുപടിയാണ് ലഭിച്ചത്. കൂടാതെ വാടകയ്ക്കാണ് കല്പന ബംഗ്ലാവിൽ ഇൻസ്റ്റിറ്റ്യൂട്ട് മുൻപ് പ്രവർത്തിച്ചിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

19.12.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിയിരുന്നു . എന്നാൽ സ്ഥലം ബി .റ്റി.ആർ പ്രകാരം പുറമ്പോക്ക് ഇനത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ

പേരിൽ ഉള്ളതാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . പ്രസ്തുത സ്ഥലത്ത് മുൻപ് ഉണ്ടായിരുന്ന കല്പന ബംഗ്ലാവ് ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലായിരുന്നു. ഇപ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത ഇല്ലായെന്നിരിക്കെ സ്ഥലവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് ഉടമസ്ഥാവകാശം ഉണ്ടെങ്കിൽ സഹകരണ വകുപ്പ് പണിയുന്ന പുതിയ കെട്ടിടത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്ഥലം സൗജന്യമായി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് .

4.4 വാർഷിക വിജ്ഞാനകോശം 2011 - സ്റ്റോക്കിൽ 99 എണ്ണത്തിന്റെ കുറവ്

വാർഷിക വിജ്ഞാനകോശം 2011 ന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുള്ള 10 വാല്യങ്ങൾ ഉൾപ്പെടെ സ്റ്റോക്കിൽ കാണേണ്ടുന്ന 100 വാല്യങ്ങളിൽ ഒരെണ്ണം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാനകോശങ്ങളിൽ ഉൾപ്പെടാതെ പോകുന്ന കാലികവിവരങ്ങൾ കൂടി ചേർത്ത് വർഷം തോറും ഒരു ഇയർബുക്ക് പ്രസിദ്ധീകരിക്കുവാൻ 09.06.2010 ന് കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഭരണസമിതിയുടെ അനുമതിയോടു കൂടി വാർഷിക വിജ്ഞാനകോശം 2011 പ്രസിദ്ധപ്പെടുത്തിയത്. 5000 കോപ്പികൾ അച്ചടിച്ചതിന് ആകെ 7,99,907/- രൂപ സെന്റ് ജോസഫ്സ് പ്രസിന് നൽകിയിട്ടുണ്ട്.

വാർഷിക വിജ്ഞാനകോശം 2011 ന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പല തീയതികളിലായി സെന്റ് ജോസഫ്സ് പ്രസിൽ നിന്നും ലഭിച്ച ആകെ കോപ്പികളുടെ എണ്ണം 4910 ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തീയതി	ലഭിച്ച കോപ്പികളുടെ എണ്ണം
1	04.03.11	6
2	04.03.11	250
3	05.03.11	50
4	02.05.11	50
5	30.05.11	3439
6	01.07.11	100
7	16.08.11	686

8	26.09.11	199
9	30.09.11	130
	ആകെ	**4910**

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 15.03.2012 ൽ നീക്കിയിരിപ്പുള്ള 10 വാല്യങ്ങളുടെ സ്റ്റോക്ക് പരിശോധിക്കുന്നതിനായി വാല്യങ്ങൾ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം. 11/02.08.2017 പ്രകാരം ആവശ്യപ്പെട്ടിട്ടും ഒരെണ്ണം മാത്രമാണ് ലഭ്യമാക്കിയത്.

ആകെ അച്ചടിച്ചിട്ടുള്ളത് 5000 കോപ്പികളാണെന്ന് വാല്യത്തിന്റെ ഇംപ്രിന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 5000 കോപ്പി അച്ചടിച്ചതിനുള്ള കൂലി പ്രസ്സിന് അനുവദിച്ചിട്ടുമുണ്ട്. അതായത് രജിസ്റ്ററിൽ വരവ് ചേർത്തിട്ടില്ലാത്ത 90 വാല്യങ്ങൾ കൂടി ചേർക്കുമ്പോൾ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് 100 ആണ് (90+10). 100 വാല്യങ്ങളുടെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല . മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ 99 പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പക്കലില്ലായെന്ന നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേരുന്നു . ഇതുവഴി 29,700 രൂപ (99 x 300) നഷ്ടമുണ്ടായിട്ടുണ്ട് . നഷ്ടത്തിന് ഉത്തരവാദികൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ് .

4.5 വിജ്ഞാന കോശ വാല്യങ്ങളുടെ പ്രസിദ്ധീകരണം - അവലോകനം

മലയാളത്തിൽ സർവ്വവിജ്ഞാനകോശം (ME) 20 വാല്യങ്ങളായും വിശ്വസാഹിത്യ വിജ്ഞാനകോശം (EWL) 10 വാല്യങ്ങളായും പ്രസിദ്ധീകരിക്കുകയെന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാഥമിക ലക്ഷ്യം . 1994 ൽ ആദ്യ വാല്യം പ്രസിദ്ധീകരിച്ച വിശ്വ സാഹിത്യ വിജ്ഞാന കോശത്തിന്റെ 10-ാം വാല്യം 2016 ലാണ് പ്രസിദ്ധീകരിച്ചത്. 1972 ൽ പ്രസിദ്ധീകരണമാരംഭിച്ച സർവ വിജ്ഞാനകോശത്തിന്റെ 16 വാല്യങ്ങളാണ് നാളിതുവരെ പ്രസിദ്ധീകരിച്ചത് . പരിസ്ഥിതിവിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്ര വിജ്ഞാനകോശം എന്നീ ഏകവാല്യ വിജ്ഞാന കോശങ്ങൾ യഥാക്രമം 2000, 2010 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചു.

വർഷം	പ്രസിദ്ധീകരിച്ച വാല്യങ്ങൾ
1972	സർവവിജ്ഞാനകോശം വാല്യം 1
1974	സർവവിജ്ഞാനകോശം വാല്യം 2
1976	സർവവിജ്ഞാനകോശം വാല്യം 3
1978	സർവവിജ്ഞാനകോശം വാല്യം 4
1979	സർവവിജ്ഞാനകോശം വാല്യം 5
1981	സർവവിജ്ഞാനകോശം വാല്യം 6
1984	സർവവിജ്ഞാനകോശം വാല്യം 7
1987	സർവവിജ്ഞാനകോശം വാല്യം 8
1990	സർവവിജ്ഞാനകോശം വാല്യം 9
1994	വിശ്വസാഹിത്യവിജ്ഞാനകോശം വാല്യം 1
1995	സർവവിജ്ഞാനകോശംവാല്യം 10
1996	വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 2
2000	സർവവിജ്ഞാനകോശം വാല്യം 11
	പരിസ്ഥിതിവിജ്ഞാനകോശം
2002	വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 3
2003	സർവവിജ്ഞാനകോശം വാല്യം 12
2004	വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 4
2005	സർവവിജ്ഞാനകോശംവാല്യം 13
	വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 5
2007	സർവവിജ്ഞാനകോശം വാല്യം 1 (പരിഷ്കരിച്ചത്)
2008	സർവവിജ്ഞാനകോശം വാല്യം 14
2009	സർവവിജ്ഞാനകോശം വാല്യം 2 (പരിഷ്കരിച്ചത്)
	വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 6
2010	സർവവിജ്ഞാനകോശംവാല്യം 15
	വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 7
	പരിണാമ വിജ്ഞാനകോശം
	ജ്യോതിശാസ്ത്ര വിജ്ഞാനകോശം
2011	സർവവിജ്ഞാനകോശം വാല്യം 3 (പരിഷ്കരിച്ചത്)

	സർവവിജ്ഞാനകോശം വാല്യം 6 (പരിഷ്കരിച്ചത്)
	സർവവിജ്ഞാനകോശം വാല്യം 10 (പരിഷ്കരിച്ചത്)
	വാർഷിക വിജ്ഞാനകോശം
2012	സർവവിജ്ഞാനകോശം വാല്യം 7 (പരിഷ്കരിച്ചത്)
	സർവവിജ്ഞാനകോശം വാല്യം 9 (പരിഷ്കരിച്ചത്)
	വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 8
	പരിസ്ഥിതി വിജ്ഞാനകോശം (പരിഷ്കരിച്ചത്)
2013	സർവവിജ്ഞാനകോശം വാല്യം 4 (പരിഷ്കരിച്ചത്)
	സർവവിജ്ഞാനകോശം വാല്യം 5 (പരിഷ്കരിച്ചത്)
2014	സർവവിജ്ഞാനകോശം വാല്യം 8 (പരിഷ്കരിച്ചത്)
	സാംസ്കാരികം
2015	സർവവിജ്ഞാനകോശം വാല്യം 16
2016	വിശ്വസാഹിത്യ വിജ്ഞാനകോശം 9
	വിശ്വസാഹിത്യ വിജ്ഞാനകോശം 10

സർവ വിജ്ഞാന കോശത്തിന്റെ 11 വാല്യങ്ങൾ 1972 മുതൽ 2000 വരെയുള്ള 28 വർഷ കാലയളവിൽ പ്രസിദ്ധീകരിച്ചു. എന്നാൽ ഇതിനുശേഷമുള്ള 16 വർഷം കൊണ്ട് സർവ വിജ്ഞാന കോശത്തിന്റെ 5 വാല്യങ്ങൾ മാത്രമാണ് പ്രസിദ്ധീകരിച്ചത്. 2011 മുതൽ 2014 വരെയുള്ള കാലയളവിൽ സർവിജ്ഞാന കോശത്തിന്റെ പുതിയ വാല്യങ്ങളൊന്നുംതന്നെ പ്രസിദ്ധീകരിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചില്ല . ഏകവാല്യ വിജ്ഞാന കോശങ്ങളും പരിഷ്കരണങ്ങളും പ്രസിദ്ധീകരിച്ചെങ്കിലും പ്രാഥമിക ലക്ഷ്യപ്രാപ്തിയിലേക്കുള്ള ഗതിവേഗം മന്ദഗതിയിലാണെന്ന് കാണാം . 1999 ൽ ഇൻസ്റ്റിറ്റ്യൂട്ട് നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിട്ടതിനുശേഷം ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥിരം



നിയമനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല . സ്ഥിര നിയമനങ്ങളുടെ അഭാവവും ഒരു പരിധിവരെ സ്ഥാപനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് വിഘാതമുണ്ടാക്കുന്നുണ്ട്.

ഭാഗം 5

സാമ്പത്തിക നില

5.1 ധനസ്ഥിതി വിവരണം

ഇൻസ്റ്റിറ്റ്യൂട്ടിന് ജനറൽ ഫണ്ട് , റിവോൾവിംഗ് ഫണ്ട് എന്നീ രണ്ടു അക്കൗണ്ടുകളാണ് നിലവിലുള്ളത്. ജനറൽ ഫണ്ട് അക്കൗണ്ട്സിനായി റ്റി.പി.എ. 230, റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സിനായി റ്റി.പി.എ 494, ദൈനം ദിന ഇടപാടുകൾക്കായി എസ്.ബി.റ്റി അക്കൗണ്ട് നം. 57037146832 എന്നിവയാണ് മുൻവർഷങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായിരുന്നത്. എന്നാൽ 01.12.2016 മുതൽ ശമ്പളം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനായി ജനറൽ ഫണ്ട് അക്കൗണ്ട്സിന്റെ ഭാഗമായി ഒരു എസ്.ബി.റ്റി അക്കൗണ്ട് കൂടി (നം. 67382595095) പരിപാലിച്ചു വരുന്നു. ജനറൽ, റിവോൾവിംഗ് ഫണ്ട് അക്കൗണ്ടുകളിലായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ ആകെ വരവ് 5,40,21,781.50 രൂപയും ആകെ ചെലവ് 4,53,52,157.50 രൂപയും ആണ് .

01.04.2016 ലെ മുന്നിരിപ്പ് (ക്യാഷ്, ട്രഷറി & ബാങ്ക്)	6801884.51
തൻ വർഷത്തെ വരവ്	54021781.50
ആകെ	60823666.01
തൻ വർഷത്തെ ചെലവ്	45352157.50
നീക്കിയിരിപ്പ്	15471508.51

എ) ജനറൽ ഫണ്ട് അക്കൗണ്ട്സ്

ജനറൽ ഫണ്ട് അക്കൗണ്ട്സിന്റെ ക്യാഷ് ബുക്ക്, ട്രഷറി രേഖകൾ, ബാങ്ക് രേഖകൾ എന്നിവ പരിശോധിച്ചതിൽ 2016-17 വർഷത്തെ വരവ് 4,48,53,970/- രൂപയും ചെലവ് 3,81,18,982/- രൂപയുമാണ്.

01.04.2016 ലെ മുന്നിരിപ്പ് (ക്യാഷ്) & (ട്രഷറി)	1829401.00
വരവ്	44853970.00
ആകെ	46683371.00
ചെലവ്	38118982.00
ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	8564389.00

നീക്കിയിരിപ്പിന്റെ വിശദാംശം

കയ്യിരിപ്പ് തുക	800
ട്രഷറി നീക്കിയിരിപ്പ് തുക (റ്റി.പി.എ-230)	8561514
ബാങ്ക് നീക്കിയിരിപ്പ് തുക	2075
ആകെ	8564389

ക്യാഷ് ബുക്ക്-ട്രഷറി സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുത്തൽ

ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം (റ്റി.പി.എ-230) 31.03.2017 ലെ നീക്കിയിരിപ്പ്	8705663
(-) 2015-16 ൽ ക്യാഷ് ബുക്കിൽ വരവ് വന്നിട്ടില്ലാത്ത തുക	608
(-) പണമാക്കാത്ത ചെക്കുകൾ 2005-06 മുതൽ 2016-17 വരെ നിലവിലുള്ളത്	143541
ആകെ	8561514
(+)കയ്യിരിപ്പ് തുക	800
(+) ബാങ്ക് നീക്കിയിരിപ്പ് തുക	2075
ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	8564389

ക്യാഷ് ബുക്കും ട്രഷറി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ട്. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 87,05,663/- രൂപയിൽ തൻ വർഷം പണമാകാത്ത ചെക്കുകളുടെ തുക 1,20,320/- രൂപയും, 2005-06 മുതൽ 2015-16 വരെയുള്ള കാലയളവിലെ പണമാകാത്ത ചെക്കുകളുടെ തുക 23,221/-രൂപയും ചേർത്ത് ആകെ 1,43,541/- രൂപ കൂടി ഉൾപ്പെടുന്നു.

പണമാക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ (01.04.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ)

ക്രമ നമ്പർ	ചെക്ക് നമ്പർ	തീയതി	തുക
1	1526795	23.09.2016	800
2	2252571	21.03.2017	9514
3	2252576	23.03.2017	1628
4	2252580	30.03.2017	11568
5	2252581	30.03.2017	449
6	2252582	30.03.2017	3660
7	2252583	30.03.2017	15200
8	2252584	30.03.2017	2348
9	2252585	31.03.2017	8080
10	2252586	31.03.2017	4160
11	2252587	31.03.2017	2200
12	2252588	31.03.2017	52313
13	2252589	31.03.2017	8400
		ആകെ	**1,20,320**

പണമാക്കാത്ത ചെക്കുകളിലെ തുകകൾ (2005-06 മുതൽ 2015-16 വരെയുള്ള കാലയളവിൽ)

ക്രമ നമ്പർ	വർഷം	തുക
1	2005-06	4911
2	2006-07	250
3	2007-08	1450
4	2008-09	4000
5	2009-10	300
6	2010-11	900
7	2011-12	2720
8	2012-13	2400
9	2013-14	1080

10	2014-15	1750
11	2015-16	3460
	ആകെ	**23,221**

(ബാങ്ക്/ട്രഷറി വരവ് ചെലവുകളിൽ ട്രാൻസ്ഫർ ക്രെഡിറ്റുകൾ ഉൾപ്പെടുന്നു.)

ബി) റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ്

റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സിന്റെ ക്യാഷ് ബുക്ക്, ട്രഷറി രേഖകൾ, ബാങ്ക് രേഖകൾ എന്നിവ പരിശോധിച്ചതിൽ 2016-17 വർഷത്തെ വരവ് 91,67,811.50 രൂപയും ചെലവ് 72,33,175.50 രൂപയുമാണ്.

01.04.2016 ലെ മുന്നിരിപ്പ് (ക്യാഷ്)	1500.00
മുന്നിരിപ്പ് (ട്രഷറി)	49,41,034.00
മുന്നിരിപ്പ് (ബാങ്ക്)	29,949.51
വരവ്	9167811.50
ആകെ	14140295.01
ചെലവ്	7233175.50
നീക്കിയിരിപ്പ്	6907119.51

(ബാങ്ക്/ട്രഷറി വരവ് ചെലവുകളിൽ ട്രാൻസ്ഫർ ക്രെഡിറ്റുകൾ ഉൾപ്പെടുന്നു.)

നീക്കിയിരിപ്പിന്റെ വിശദാംശം

ക്യാഷ് ബുക്ക് പ്രകാരമുള്ള കയ്യിരിപ്പ്	7,537.00
ട്രഷറി നീക്കിയിരിപ്പ് (ക്യാഷ് ബുക്ക് പ്രകാരം)	68,85,944.00
ബാങ്ക് നീക്കിയിരിപ്പ് (ക്യാഷ് ബുക്ക് പ്രകാരം)	13,638.51
ആകെ	**69,07,119.51**

2016-17 ലെ നീക്കിയിരിപ്പ് (31.03.2017 ൽ)	
ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം	68,85,944
ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം	13,638.51
കയ്യിരിപ്പ്	7,537
ആകെ	**69,07,119.51**

5.2 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	5,40,21,781.50
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	4,53,52,157.50
തടസ്സപ്പെടുത്തിയ തുക	ഇല്ല
നിരസിച്ച തുക	7900
വരവിനങ്ങളിലെ നഷ്ടം	ഇല്ല
നഷ്ടം തിട്ടപ്പെടുത്താൻ അന്വേഷണം ആവശ്യമായവ	ഇല്ല
കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം	ഇല്ല

എ) തടസ്സപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ

ഇല്ല

ബി) നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
3.4	2800	ശ്രീ കെ. ഹരികുമാർ, ഡെവലപ്പ്മെന്റ് ഓഫീസർ
	1050	ശ്രീ കെ.വിനോദ്കുമാർ, എൽ.ഡി.സി.
	2550	ശ്രീ ജെ.ആർ.രഞ്ജിത്, ഓഫീസ് അറ്റൻഡന്റ്
	1500	ശ്രീ സി. സത്യൻ, ഓഫീസ് അറ്റൻഡന്റ്
ആകെ	**7900 രൂപ**	

5.3 ഓഡിറ്റ് ചാർജ്

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 19 വകുപ്പ്, ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 24 (1) എന്നിവ പ്രകാരം 2008-09 വരെ വാർഷിക വരുമാനത്തിന്റെ 0.5% ഓഡിറ്റ് ചാർജ്ജായി കണക്കാക്കിയിരുന്നു. 28.08.2009 ലെ ജി.ഒ. (പി) നം. 368/09/ ഫിൻ പ്രകാരം 2009-10 വർഷം മുതൽ ഓഡിറ്റ് സ്ഥാപനത്തിന്റെ തനതു വരുമാനത്തിന്റെ 1% മാത്രം ഓഡിറ്റ്ചാർജ് കണക്കാക്കാനും, സഹായ ഗ്രാന്റുകൾ ഓഡിറ്റ് ചാർജിൽ നിന്നും ഒഴിവാക്കാനും നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2009-10 സാമ്പത്തിക

വർഷം മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് വരുമാനത്തിന്റെ 1% ഓഡിറ്റ് ചാർജായി കണക്കാക്കി വരുന്നു.

2016-17 സാമ്പത്തിക വർഷം, ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാനകോശ വാല്യങ്ങളുടെ വില്പനയിലൂടെ സമാഹരിച്ചത് ആകെ 30,62,631.50/- രൂപയാണ്. അതിന്റെ 1% ആയ 30,626/- രൂപ തൻവർഷത്തെ ഓഡിറ്റ് ചാർജായി കണക്കാക്കുന്നു. അടവാക്കാൻ ബാക്കി നിൽക്കുന്ന ഓഡിറ്റ് ചാർജ്ജിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	**വർഷം**	**തുക**
1	2014-15	24,795
2	2015-16	20,629
3	2016-17	30,626
	ആകെ	**76,050**

തൻവർഷത്തേതുൾപ്പെടെ ഓഡിറ്റ് ചാർജ്ജിനത്തിൽ ഒടുക്കുവാനുള്ള ആകെ 76,050/- രൂപ "ഓഡിറ്റ് ചാർജ് 0070-60-110-99" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ , വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

സിൽ & എസ്.ഐ.ഇ.പി. ഓഡിറ്റ്

തിരുവനന്തപുരം

അനുബന്ധം-1

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്

സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ കണക്കുകൾ പരിശോധിച്ചു. ആവശ്യപ്പെട്ട വിവരങ്ങളും വിശദീകരണങ്ങളും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അവലോകനങ്ങൾക്ക് വിധേയമായി ഓഡിറ്റിനു ശേഷം എന്നോടു വിശദീകരിക്കപ്പെട്ട പ്രകാരവും , ഇൻസ്റ്റിറ്റ്യൂട്ടിലെ ബുക്കുകളിലെ രേഖപ്പെടുത്തലുകൾ പ്രകാരവും എന്റെ അഭിപ്രായത്തിൽ ഈ സ്ഥാപനത്തിന് അനുവദിക്കപ്പെട്ട സഹായ ഗ്രാന്റ് താഴെപ്പറയും പ്രകാരമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളതെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

<u>പദ്ധതി വിഹിതം</u>

സഹായ ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ്	വർഷം	ഗ്രാന്റ് സ്വീകരിച്ച സ്ഥാപനത്തിന്റെ പേര്	അനുവദിച്ച തുക	റ്റി.പി.എ 230 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തീയതി	ഉദ്ദേശ്യം	ചെലവഴിച്ച തുക	അഡ്ജസ്റ്റ് ചെയ്യാനുള്ള തുക	കുറിപ്പ്
ജി.ഒ. (ആർ.ടി.) നമ്പർ 218/2016/ സി.എൽ. എ.ഡി തീയതി 30.06.2016	2016-17	എസ്.ഐ.ഇ.പി	51,66,667	25.08.2016	പദ്ധതി നിർവ്വഹണ ചെലവ്	4254385	5912282	ചെലവഴിക്കപ്പെടാത്ത പദ്ധതി വിഹിതം
ജി.ഒ (ആർ.ടി.)/ 234/2017/ സി.എ.ഡി തീയതി 25.03.2017			50,00,000	29.03.2017				

പദ്ധതിയിതര വിഹിതം

സഹായഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ്	വർഷം	ഗ്രാന്റ് സ്വീകരിച്ച സ്ഥാപനത്തിന്റെ പേര്	അനുവദിച്ച തുക	റ്റി.പി.എ 230 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തീയതി	ഉദ്ദേശ്യം	ചെലവഴിച്ച തുക	അഡ്ജസ്റ്റ് ചെയ്യാനുള്ള തുക	കുറിപ്പ്
ജി.ഒ.(ആർ.ടി.) നമ്പർ 177/2016/ സി.എൽ.എ.ഡി തീയതി 22.04.2016			78,74,667	29.04.2016				
ജി.ഒ.(ആർ.ടി.) നമ്പർ 230/2016/ സി.എൽ.എ.ഡി തീയതി 15.07.2016	2016-17	എസ്.എഫ്.ഇ.പി	78,74,667	29.07.2016				
ജി.ഒ.(ആർ.ടി.) നമ്പർ 393/2016/ സി.എ.ഡി തീയതി 25.11.2016			78,74,666	30.11.2016	പദ്ധതിയിതര ചെലവുകൾ	27864597	240597	അധികമായി ചെലവാക്കി
സപ്ലിമെന്ററി ഗ്രാന്റ്								
ജി.ഒ. (ആർ.ടി.) നമ്പർ 111/2017/സി.എ.ഡി തീയതി 06.03.2017	2016-17		40,00,000	15.03.2017				

സിൽ & എസ്.ഐ.ഇ.പി ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നം.കെ.എസ്.എ.സിൽ/എ 3/135/2017 തീയതി 07.06.2017 പ്രകാരം നൽകിയിട്ടുള്ള പ്രൊവിഷണൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിലെ പദ്ധതി വിഭാഗം , പദ്ധതിയേതര വിഭാഗം എന്നിവയുടെ തിരിച്ചടയ്ക്കൽ/രജിസ്റ്റർ ചെയ്യാനുള്ള/തിരിച്ചടയ്ക്കപ്പെടാത്ത തുകയുടെ സാമ്പത്തിക നില ചുവടെ പറയുന്ന രീതിയിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

പദ്ധതി സഹായ ഗ്രാന്റുകൾ	1,01,66,667
ചെലവ്	42,54,385
അഡ്ജസ്റ്റ് ചെയ്യാനുള്ള തുക	59,12,282

പദ്ധതിയേതര സഹായ ഗ്രാന്റുകൾ	2,76,24,000
ചെലവ്	2,78,64,597
അധികമായി ചെലവാക്കിയ തുക	2,40,597

ഡെപ്യൂട്ടി ഡയറക്ടർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
സിൽ & എസ്.ഐ.ഇ.പി. ഓഡിറ്റ്
തിരുവനന്തപുരം

അനുബന്ധം-2

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

എ) ജനറൽ ഫണ്ട് അക്കൗണ്ട്സ്

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട്/വർഷം	തീയതി/റഫറൻസ് നമ്പർ
1	1976-77	എൽ.എഫ്.കെ.(എം.)2-167/78 തീയതി 08.02.78
2	1977-78	എൽ.എഫ്.കെ.എം.2-2279/78 തീയതി 18.12.78
3	1978-79	എൽ.എഫ്.റ്റി.ഡി.14-2110/80 തീയതി 13.11.80
4	1979-80	എൽ.എഫ്.റ്റി.ഡി.14-990/81 തീയതി 11.05.81/03.06.81
5	1980-81	എൽ.എഫ്.റ്റി.ഡി.14-424/82 തീയതി 16.07.82
6	1981-82	എൽ.എഫ്.റ്റി.ഡി.13/1123/83 തീയതി 21.01.84
7	1982-83	എൽ.എഫ്.റ്റി.ഡി.13/1552/84 തീയതി 08.07.85
8	1983-84	എൽ.എഫ്.റ്റി.ഡി.11/516/85 തീയതി 22.05.86/04.10.86
9	1984-85	എൽ.എഫ്.റ്റി.ഡി.2963/86 തീയതി 01.12.89
10	1985-86	എൽ.എഫ്.റ്റി.ഡി.1928/89 തീയതി 04.10.89
11	1986-87	എൽ.എഫ്.റ്റി.ഡി.11.1104/89 തീയതി 10.05.91/06.08.91
12	1987-88	എൽ.എഫ്.റ്റി.ഡി.11/970/92 തീയതി 17.08.92
13	1988-89	എൽ.എഫ്.റ്റി.ഡി.11/972/92 തീയതി 17.08.92
14	1989-90	എൽ.എഫ്.റ്റി.ഡി.11-602/93 തീയതി 01.03.94
15	1990-91	എൽ.എഫ്.റ്റി.ഡി.11-60/94 തീയതി 05.07.95
16	1991-92	എൽ.എഫ്.റ്റി.ഡി.11/196/95 തീയതി 25.11.95/29.02.96
17	1992-93	എൽ.എഫ്.റ്റി.ഡി.11/196/95 തീയതി 29.02.96/30.03.96
18	1993-94	എൽ.എഫ്.റ്റി.ഡി.11/1362/95 തീയതി 28.02.96/10.06.96
19	1994-95	എൽ.എഫ്.റ്റി.ഡി.11/491/97 തീയതി 06.10.97
20	1995-96	എൽ.എഫ്.റ്റി.ഡി.11/42/98 തീയതി 27.05.98/01.06.99
21	1996-97	എൽ.എഫ്.റ്റി.ഡി.9(എ)/402/99 തീയതി 09.12.99

22	1997-98	എൽ.എഫ്.റ്റി.ഡി.9(എ)/826/99 തീയതി 19.04.00
23	1998-99	എൽ.എഫ്.റ്റി.ഡി.9(എ) 355/00 തീയതി 02.06.01
24	1999-00	എൽ.എഫ്.റ്റി.ഡി.9 (എ)140/01 തീയതി 13.11.01/20.05.02
25	2000-01	എൽ.എഫ്.റ്റി.ഡി.9(എ)636/02 തീയതി 07.08.02
26	2001-02	എൽ.എഫ്.റ്റി.ഡി.മിസ.1/358/03 തീയതി 9.04.03
27	2002-03	എൽ.എഫ്.റ്റി.ഡി.മിസ 1.295/04 തീയതി 15.03.04
28	2003-04	എൽ.എഫ്.റ്റി.ഡി.മിസ 1/622/05 തീയതി 19.04.05/06.05.05
29	2004-05	എൽ.എഫ്.റ്റി.ഡി.മിസ.1/711/06 തീയതി 17.06.06
30	2005-06	എൽഎഫ്.റ്റി.ഡി.മിസ.1/460/07 തീയതി 16.06.07/24.07.07
31	2006-07	എൽ.എഫ്.റ്റി.ഡി.മിസ 1/809/07 തീയതി 19.06.08/16.07.08
32	2007-08	എൽ.എഫ്.റ്റി.ഡി.മിസ 1/526/09 തീയതി 03.06.09/26.08.09
33	2008-09	എൽ.എഫ്.റ്റി.ഡി.മിസ 1/502/10 തീയതി 19.10.10
34	2009-10	എൽ.എഫ്.സിൽ/എ 2/164/11 തീയതി 14.10.11/04.01.12
35	2010-11	എൽ.എഫ്.സിൽ/ എ 5/228/12 തീയതി 05.10.12/28.11.12
36	2011-12	എൽ.എഫ്.സിൽ.എ.5/353/13 തീയതി 25.09.13
37	2012-13	എൽ.എഫ്.സിൽ/എ 2/27/2015 തീയതി 08.06.2015

ബി) റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ്

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട്/വർഷം	തീയതി/റഫറൻസ് നമ്പർ
1	1984-85	എൽ.എഫ്.റ്റി.ഡി.11-2013/87 തീയതി 14.06.88
2	1985-86	എൽ.എഫ്.റ്റി.ഡി.11-1059/89 തീയതി 07.08.89/21.12.89
3	1986-87	എൽ.എഫ്.റ്റി.ഡി.11- 1831/89 തീയതി 12.04.91
4	1987-88	എൽ.എഫ്.റ്റി.ഡി.11-1644/91 തീയതി 06.02.92
5	1988-89	എൽ.എഫ്.റ്റി.ഡി.11-445/92 തീയതി 05.11.92
6	1989-90	എൽ.എഫ്.റ്റി.ഡി.11-1056/93 തീയതി 12.07.94

7	1990-91	എൽ.എഫ്.റ്റി.ഡി.11/260/94 തീയതി 05.01.95
8	1991-92	എൽ.എഫ്.റ്റി.ഡി.11/1051/94 തീയതി 25.11.95
9	1992-93	എൽ.എഫ്.റ്റി.ഡി.11/1351/95 തീയതി 28.02.96/08.05.96
10	1993-94	എൽ.എഫ്.റ്റി.ഡി.11/1352/95 തീയതി 29.02.96/12.07.96
11	1994-95	എൽ.എഫ്.റ്റി.ഡി.11/862/98 തീയതി 10.08.98
12	1995-96	എൽ.എഫ്.റ്റി.ഡി.9(എ)455/98 തീയതി 02.11.98/02.07.99
13	1996-97	എൽ.എഫ്.റ്റി.ഡി.9(എ)/566/98 തീയതി 07.07.99
14	1997-98	എൽ.എഫ്.റ്റി.ഡി.9(എ)1197/99 തീയതി 10.12.99/01.03.00
15	1998-99	എൽ.എഫ്.റ്റി.ഡി.9(എ) 760/00 തീയതി 23.02.01/01.10.01
16	1999-00	എൽ.എഫ്.റ്റി.ഡി.9(എ)415/01 തീയതി06.05.02/08.07.02
17	2000-01	എൽ.എഫ്.റ്റി.ഡി.9 (എ) 959/02 തീയതി 12.03.03
18	2001-02	എൽ.എഫ്.റ്റി.ഡി.മിസ്.1/1067/03 തീയതി 20.12.03/31.01.04
19	2002-03	എൽ.എഫ്.റ്റി.ഡി.മിസ്.1/1263/05 തീയതി 11.03.05
20	2003-04	എൽ.എഫ്.റ്റി.ഡി.മിസ്.1/1587/05 തീയതി 11.11.05
21	2004-05	എൽ.എഫ്.റ്റി.ഡി.മിസ്.1/1590/06 തീയതി 07.11.06
22	2005-06	എൽ.എഫ്.റ്റി.ഡി.മിസ.1/318//08 തീയതി 18.03.08/09.04.08
23	2006 -07	എൽ.എഫ്.റ്റി.ഡി.മിസ.1/1593/08 തീയതി 27.11.08
24	2007-08	എൽ.എഫ്.റ്റി.ഡി.മിസ 1/1518/10 തീയതി 11.02.10/03.03.10
25	2008 -09	എൽ.എഫ്.സിൽ.എ 2/517/10 തീയതി 26.03.11
26	2009-10	എൽ.എഫ്.സിൽ/എ 1/73/12 തീയതി 28.03.12
27	2010-11	എൽ.എഫ്.സിൽ/എ 5/427/12 തീയതി 17.06.12/9.09.13
28	2011-12	എൽ.എഫ്.സിൽ.134/എ 5/2014 തീയതി 04.04.14/03.05.14
29	2012-13	കെ.എസ്.എ.സിൽ/എ 2/223/2015 തീയതി 28.09.15

സി) സംയോജിത റിപ്പോർട്ട്

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട്/വർഷം	തീയതി/റഫറൻസ് നമ്പർ
1	2013-14	കെ.എസ്.എ.സിൽ/എ 3/105/2016 തീയതി 15.04.16/30.04.16
2	2014-15	കെ.എസ്.എ.സിൽ/എ.3/52/2017 തീയതി 30.03.17/31.03.17
3	2015-16	കെ.എസ്.എ.സിൽ/എ.3/127/2017 തീയതി 22.06.17/27.06.17

ഡെപ്യൂട്ടി ഡയറക്ടർ
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
സിൽ & എസ്.ഐ.ഇ.പി. ഓഡിറ്റ്
തിരുവനന്തപുരം